# തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് കരട് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് 2018 നവംബർ 8, 9 തീയതികളിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് കരട് സ്പെഷ്യൽ റൂൾ സംബന്ധിച്ച് 2018 നവംബർ 8, 9 തീയതികളിൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് സർവ്വീസ് സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ വിവിധ സർവ്വീസ് സംഘടനകൾ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

## 1. കേരള എൻ.ജി.ഒ. യൂണിയൻ

1. നിർദ്ദിഷ്ട സ്പെഷ്യൽ റൂളിൽ സംസ്ഥാന സർവ്വീസിൽ പൊതുവായുള്ള തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്യുന്നത് ഒഴിവാക്കണം.
2. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാരുടെ എണ്ണം പരിമിതമാണ്. ഈ വിഭാഗത്തിന്റെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നു. ഇതുകൂടി പരിഗണിച്ചുകൊണ്ട് സൂപ്പർവൈസറി തസ്തികകളിലേക്ക് ഈ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ പരിഗണന നൽകണം.
3. നിലവിൽ പൊതുമരാമത്ത്, ഇറിഗേഷൻ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടുമാർക്ക് ഡിവിഷണൽ അക്കൗണ്ട് ഓഫീസർ തസ്തികകളിലേക്ക് നിശ്ചിത അനുപാതം ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം പൊതുസർവ്വീസിന്റെ ഭാഗമാവുമ്പോൾ ജീവനക്കാർക്ക് ഈ ആനുകൂല്യം തുടർന്നും ലഭിക്കാനാവശ്യമായ നിർദ്ദേശങ്ങൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തണം.
4. നിലവിൽ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പുകളുടെ ഭാഗമായി തുടരുന്ന മുൻ സെറിഫൈഡ് ജീവനക്കാർക്ക് അർഹമായ പരിഗണന പൊതുസർവ്വീസിൽ ഉറപ്പുവരുത്തണം.
5. തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ജില്ലാതല നിയന്ത്രണാധികാരിയായി നിർദ്ദേശിക്കുന്ന ജില്ലാ കോ-ഓർഡിനേറ്റിംഗ് ഓഫീസറുടെ ഓഫീസ് പ്രവർത്തിക്കുന്ന ജില്ലാ ആസ്ഥാനം ഏതായിരിക്കണമെന്ന് വ്യക്തമാക്കണം.

## 2. കേരള എൻ.ജി.ഒ. അസോസിയേഷൻ

1. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 73, 74 ഭരണഘടനാ ഭേദഗതിക്ക് വിരുദ്ധമായി അധികാരം കേന്ദ്രീകരണമാണ് ഈ ഏകീകരണം.
2. വകുപ്പ് സംയോജനം ജീവനക്കാരെ കോടതി വ്യവഹാരങ്ങളിലേക്ക് തള്ളിവിടാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ഇത് സർവ്വീസിന്റെ ശോഭകെടുത്തും.
3. സ്പെഷ്യൽ റൂളിന്റെ കരട് മാതൃഭാഷയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
4. മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർ നിലവിൽ സർക്കാർ ജീവനക്കാരല്ല. അവരെ സർക്കാർ ജീവനക്കാരാക്കിക്കൊണ്ടുള്ള ഉത്തരവാണ് ആദ്യം വേണ്ടത്.
5. ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റിന്റെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് ഡ്രാഫ്റ്റ് സ്പെഷ്യൽ റൂൾ തയ്യാറാക്കേണ്ടത്. ഇവിടെ അങ്ങനെയല്ല ചെയ്തിരിക്കുന്നത്. ഇത് ചട്ടവിരുദ്ധമാണ്.
6. സ്പെഷ്യൽ റൂൾ ചർച്ചയിൽ അംഗീകൃത സർവ്വീസ് സംഘടനകളുടെ യോഗം ഒരുമിച്ചാണ് വിളിക്കേണ്ടത്.

ഇക്കാര്യങ്ങളിൽ ആവശ്യമായ വിശദീകരണവും തീരുമാനവും ലഭിക്കാതെ ചർച്ച നടത്തുന്നതിൽ എൻ.ജി.ഒ. അസോസിയേഷൻ വിയോജിപ്പ് രേഖപ്പെടുത്തി.

## 3. ജോയിന്റ് കൗൺസിൽ

1. എല്ലാ സംഘടനകളെയും ഒന്നിച്ചിരുത്തി ചർച്ച ചെയ്യണം എന്ന് അഭിപ്രായപ്പെടുകയുണ്ടായി.
2. ഡയറക്ടർ റൂറൽ എന്നത് ഡയറക്ടർ പഞ്ചായത്ത് ഗവർണൻസ് എന്ന് redesignate ചെയ്യണം.
3. ഏകീകരണം നടപ്പിൽ വരുന്നതോടുകൂടി അഡ്മിനിസ്ട്രേഷൻ മുഴുവൻ ഒരാളുടെ കൈയ്യിൽ വരാതെ പുനഃക്രമീകരണം വേണം.
4. കാറ്റഗറി 5-ൽ ചീഫ് എഞ്ചിനിയറിനു മുകളിൽ ചീഫ് എൻജിനിയർ (works)-ഉം ചീഫ് എൻജിനിയർ (administration )-ഉം ഉൾപ്പെടുത്തണം.
5. കമ്പ്യൂട്ടർ അസ്സിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് വരുത്തണം. പഞ്ചായത്ത് വകുപ്പിലെ റൂൾ പരിഷ്കരിച്ചതിന്ന് ശേഷം ഏകീകരണം നടത്തേണ്ടതാണെന്ന് സംഘടന അഭിപ്രായപ്പെട്ടു. മുൻസിപ്പൽ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റണം. subordinate റൂൾ പരിഷ്കരിക്കണം.

## 4. എൻ.ജി.ഒ. സംഘ്

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിർദ്ദേശിച്ചിരിക്കുന്ന 50% നേരിട്ടുള്ള നിയമനം ഒഴിവാക്കുക. പഞ്ചായത്ത് സെക്രട്ടറി തസ്തിക പൂർണ്ണമായും അസിസ്റ്റന്റ് സെക്രട്ടറിമാരുടെ പ്രൊമോഷൻ പോസ്റ്റായി നിലനിർത്തണം.

2. ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ., എക്സ്റ്റൻഷൻ ഓഫീസർ-വനിതാക്ഷേമം, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്താതെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായി തന്നെ തുടരാൻ അനുവദിക്കുകയാണ് വേണ്ടത്. ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വി.ഇ.ഒ. മുതൽ ജോയിന്റ് ബി.ഡി.ഒ. വരെയുള്ള ചാനൽ തുടരുന്നതാണ് ഉചിതം.

3. കാറ്റഗറി 21-ൽ ഉൾപ്പെടുത്തിയിരിക്കുന്ന വി.ഇ.ഒ. (ഗ്രേഡ്-2/ ക്ലാർക്ക്/ബിൽ കളക്ടർ എന്നിവയിൽ ഗ്രേഡ്-2 വി.ഇ.ഒ.മാർക്ക് പ്രൊമോഷന് ആദ്യ അർഹത നൽകിയതിന് ശേഷമേ ക്ലാർക്കുമാരെ പരിഗണിക്കുകയുള്ളൂവെന്ന നിർദ്ദേശം തികച്ചും അപ്രായോഗികമാണ്. ഈ നിർദ്ദേശം ക്ലാർക്ക് വിഭാഗത്തിലെ ജീവനക്കാരോടുള്ള നീതികേടായി തീരുമെന്നതിനാൽ പിൻവലിക്കേണ്ടതാണ്.

4. പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ, മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പ്രൊമോഷൻ നൽകിയതിനുശേഷം മാത്രമേ ഉണ്ടാകുകയുള്ളൂവെന്ന നിർദ്ദേശം പിൻവലിക്കണം. പഞ്ചായത്ത് സെക്രട്ടറി തസ്തിക സ്റ്റേറ്റ് സർവ്വീസിലെ ഗ്രൂപ്പ് 1-ലെ കാറ്റഗറി 13-ൽ ഉൾപ്പെടുത്തേണ്ടതാണ്. ഏകീകൃത വകുപ്പിലെ പ്രധാന തസ്തികയെന്ന നിലയിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് അർഹമായ പരിഗണന നൽകണം.

5. ഓഫീസ് അറ്റൻഡർമാർക്ക് 25% പ്രൊമോഷൻ അനുവദിച്ച് നൽകേണ്ടതാണ്.

6. കാറ്റഗറി 7-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹെഡ് ക്ലാർക്ക് എൽ.എസ്.ജി.ഡി. തസ്തിക ഉയർത്തി എല്ലാ പഞ്ചായത്തിലും ജൂനിയർ സൂപ്രണ്ട് എൽ.എസ്.ജി.ഡി. തസ്തികയായി പരിവർത്തനം ചെയ്യുകയും ഹെഡ് അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് തസ്തികകളിലെ അനോമലി പരിഹരിക്കപ്പെടേണ്ടതുമാണ്. നിലവിലുള്ള ഹെഡ് ക്ലാർക്കുമാരെ ജൂനിയർ സൂപ്രണ്ടായി അപ്ഗ്രേഡ് ചെയ്ത് സംയോജനം നടപ്പിലാക്കുക.

7. എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തിക സൃഷ്ടിക്കേണ്ടതാണ്.

8. പി.എസ്.സി. അഡ്വൈസ് ചെയ്ത തീയതി പ്രകാരം ഡ്രൈവർമാരുടെ പൊതു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ക്ലാർക്ക് തസ്തികയിലേക്കുള്ള 10% പ്രൊമോഷനിലേക്ക് ഡ്രൈവർമാരെ കൂടി പരിഗണിക്കേണ്ടതാണ്.

9. ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ക്ലാസ് 4 ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ബ്ലൂപ്രിന്റർ തസ്തികയിലേക്കുള്ള പ്രൊമോഷൻ നിലനിറുത്തുകയും ബ്ലൂപ്രിന്റർമാരെ ട്രെയ്സർമാരായി പ്രൊമോട്ട് ചെയ്യാനുള്ള നടപടികൾ തുടരേണ്ടതുമാണ്.

10. കാറ്റഗറി 4-ൽ 43 അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ തസ്തിക ആർ.ഡി.ഡി. വകുപ്പിന്റെ കേഡർ സ്ട്രെങ്തിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

11. നിലവിൽ എൽ.ഡി.ടൈപ്പിസ്റ്റ്/യു.ഡി.ടൈപ്പിസ്റ്റ് എന്നിവർക്ക് കാറ്റഗറി മാറി ക്ലാർക്ക്/സീനിയർ ക്ലാർക്ക് ആകുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ കരട് ചട്ടത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ്/യു.ഡി.ടൈപ്പിസ്റ്റ് എന്നിവർക്ക് പ്രൊമോഷൻ ആയി മാത്രമേ സീനിയർ ക്ലാർക്ക് ആകാൻ കഴിയുകയുള്ളൂ എന്ന് കാണുന്നു. ആയത് പരിഹരിക്കേണ്ടതാണ്.

12. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ പോസ്റ്റായിട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക ശുപാർശ ചെയ്തിരിക്കുന്നത് ഒഴിവാക്കണം.

13. കരട് ചട്ടങ്ങളിലോ അതിന്റെ വിശദീകരണ കുറിപ്പുകളിലോ വകുപ്പ് സംയോജനം മൂലം സാമാന്യ ജനങ്ങൾക്ക് ലഭിക്കുന്ന സേവന ഗുണമേന്മ സംബന്ധിച്ചോ അധികാര വികേന്ദ്രീകരണത്തിന് ആക്കംകൂട്ടുന്നത് സംബന്ധിച്ചോ യാതൊരു പരാമർശവും ഇല്ല എന്നു മാത്രമല്ല പല തസ്തികകളിലെയും പുനർനിർണ്ണയം നിലവിലുള്ള സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നതും ജനസേവനത്തെ ദുർബലപ്പെടുത്തുന്നതുമാണ്. ഇത് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 5. സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ

1. നഗരകാര്യ വകുപ്പ്, പഞ്ചായത്ത്-ഗ്രാമവികസന വകുപ്പുകളും, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗവും, ടൗൺ പ്ലാനിംഗ് വിഭാഗവും കൂടി ഏകീകരിക്കുക തികച്ചും അപ്രായോഗികവും അശാസ്ത്രീയവുമാണ്.

2. ഒന്നാം ഗസറ്റഡ് തസ്തികയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പൽ സെക്രട്ടറി മുതലായ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം 20% ആയി ഫിക്സ് ചെയ്യുക.

3. പൊതു സർവ്വീസ് കരട് ചട്ടത്തിൽ പഞ്ചായത്ത് വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയെപ്പറ്റി പരാമർശമില്ല. ചട്ടം പ്രാബല്യത്തിൽ വരുമ്പോൾ പഞ്ചായത്ത് വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തിക കൂടി ഉൾപ്പെടുത്തുക.

4. മുനിസിപ്പൽ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റിയതിനു ശേഷമേ പൊതു സർവ്വീസ് നടപ്പിലാക്കുവാൻ നിയമപരമായി കഴിയുകയുള്ളൂ. അത്തരത്തിൽ ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നും നാളിതുവരെയായി ഉണ്ടായിട്ടില്ല.

5. പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ അതിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ഒരു കോമൺ പൂളിൽ നിന്നാണ് ശമ്പളവും പെൻഷനും ലഭിക്കേണ്ടത്. കരട് ചട്ടത്തിൽ ഇതു സംബന്ധിച്ച് ഒരു വിവരവും പരാമർശിച്ചിട്ടില്ല.

6. പൊതു സർവ്വീസ് കരട് ചട്ടത്തിൽ തസ്തികകളുടെ നിലവിലെ പേര് മാറ്റി പകരം പുതിയ പേര് നൽകിയിരിക്കുന്നത് പലതരത്തിലുള്ള സങ്കീർണ്ണതകൾക്കും വഴിയൊരുക്കും, പ്രത്യേകിച്ചും പി.എസ്.സി. നിയമനങ്ങളിൽ.

7. വി.ഇ.ഒ. ഗ്രേഡ് 1-ലേക്കുള്ള സ്ഥാനക്കയറ്റം വി.ഇ.ഒ. ഗ്രേഡ് 2 തസ്തികയിലുള്ളവർക്ക് മാത്രമായി ചുരുക്കിയിരിക്കുന്നത് നിയമ വിരുദ്ധവും സാമൂഹ്യനീതിക്ക് നിരക്കാത്തതുമാണ്.

8. സീനിയർ അസിസ്റ്റന്റ് (സീനിയർ ക്ലാർക്ക്) തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള റേഷ്യോ ഫിക്സ് ചെയ്തിട്ടുള്ളതിൽ അപാകതയുണ്ട്.

9. എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും കമ്പ്യൂട്ടർ അസിസ്റ്റന്റിന്റേയും ലൈബ്രേറിയന്റേയും തസ്തിക അനുവദിക്കണം.

### 6. കേരള എൻ.ജി.ഒ.സെന്റർ

1 കാറ്റഗറി 21 പ്രകാരം ടൈപ്പിസ്റ്റുമാർക്ക് 5:1 എന്ന രീതിയിൽ പ്രൊമോഷൻ നൽകിയാൽ ക്ലാർക്കുമാർക്ക് പ്രൊമോഷൻ സാധ്യത നഷ്ടപ്പെടും. ആയതിനാൽ 5:1 എന്നത് 10:1 എന്നാക്കി മാറ്റണം.

2 ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ കേഡർ സ്ട്രെങ്ത് തീരുമാനിച്ച് ratio നിശ്ചയിക്കണം. ടി തസ്തിക താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ തസ്തിക ആക്കണം. യോഗ്യരായവർ ഇല്ലെങ്കിൽ മാത്രം direct recruit ചെയ്യണം.

### 7. കേരള എൻ.ജി.ഒ. ഫ്രണ്ട്

ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമ വകുപ്പിൽ നിന്നും നിലവിലുള്ള ജീവനക്കാർക്ക്, ഏകീകരണം നടത്തിയില്ലെങ്കിൽ ഏതു തസ്തികയിൽ പ്രൊമോഷൻ ലഭിക്കുമായിരുന്നോ, അതേ പ്രൊമോഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

### 8. കേരള എൻ.ജി.ഒ. അസോസിയേഷൻ (എസ്)

1. എല്ലാ വകുപ്പുകളിലേയും സ്ഥാനക്കയറ്റ സാധ്യത നഷ്ടപ്പെടാത്ത രീതിയിൽ ആനുപാതിക റേഷ്യോ നിശ്ചയിക്കണം. KPSC നിയമന രീതിയിൽ റേഷ്യോ വിവിധ വകുപ്പുകൾക്ക് നേരത്തെ നിശ്ചയിക്കണം.
2. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുവാൻ താഴെ തട്ടിൽ കൂടുതൽ തസ്തിക സൃഷ്ടിക്കണം.
3. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നാലാമത്തെ പ്രൊമോഷൻ തസ്തികയായ ഹെൽത്ത് സൂപ്പർവൈസർ തസ്തിക എല്ലാ മുനിസിപ്പാലിറ്റികളിലും സൃഷ്ടിക്കണം. ഹെൽത്ത് സൂപ്പർവൈസർ തസ്തിക ഗസറ്റഡ് തസ്തികയായി ഉയർത്തണം.
4. പഞ്ചായത്തുകളിലെ ജനന-മരണ രജിസ്ട്രേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഏൽപ്പിക്കണം.

### 9. കേരള മുനിസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ

1. സ്പെഷ്യൽ റൂൾസ് പ്രാവർത്തികമാക്കുന്നതിനു മുമ്പായി മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരെ സ്റ്റേറ്റ് സർവ്വീസ് ജീവനക്കാരാക്കി ശമ്പളവും പെൻഷനും സർക്കാർ ഫണ്ടിൽ നിന്നും ട്രഷറി വഴി വിതരണം നടത്താൻ നടപടി സ്വീകരിക്കണം.
2. സ്റ്റേറ്റ് സർവ്വീസിലെ കാറ്റഗറി 2 കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകൃതമായ സാഹചര്യത്തിൽ IAS കേഡർ എന്ന രീതിയിൽ മാറ്റമുണ്ടാക്കി KAS-ൽ നിന്നും നിയമനം നടത്തുന്ന രീതിയിൽ ഭേദഗതി ചെയ്യണം.

3. മുനിസിപ്പൽ കോമൺ സർവ്വീസിലെ ഹെൽത്ത് വിഭാഗത്തിലെ ഏറ്റവും ഉയർന്ന തസ്തികയാണ് ഹെൽത്ത് സൂപ്പർവൈസർ. സ്പെഷ്യൽ റൂൾസിൽ സബോർഡിനേറ്റ് സർവ്വീസിലാണ് പ്രസ്തുത തസ്തിക ഉൾപ്പെടുത്തിയത്. ഇത് ശരിയായ നടപടിയല്ല.

4. സ്റ്റേറ്റ് സർവ്വീസിലെ കാറ്റഗറി 14 (ലൈബ്രേറിയൻ & കൾച്ചറൽ ഓഫീസർ-കോർപ്പറേഷൻ) തസ്തികയിലെ ബൈ-ട്രാൻസ്ഫർ അനുപാതം 6:0 എന്നതിന് പകരം 3:3 എന്ന രീതിയിൽ മാറ്റി നിശ്ചയിക്കണം.

5. തസ്തികകളുടെ പേരുമാറ്റം ഒഴിവാക്കണം.

6. ഏതാനും വികസന അതോറിറ്റികൾ നിർത്തലാക്കിയ അവസരത്തിൽ അതിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ ലയിപ്പിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതുകൊണ്ട് ആ തസ്തികയുടെ എണ്ണം കൂടി കണക്കാക്കിവേണം വിവിധ തസ്തികകളിലെ പ്രൊമോഷനുള്ള അനുപാതം നിശ്ചയിക്കേണ്ടത്.

7. വിവിധ കാറ്റഗറികളിൽ പ്രൊമോഷനു വേണ്ടി നിശ്ചയിച്ച അനുപാതങ്ങൾ ഓരോ വകുപ്പിലുമുള്ള മൊത്തം എണ്ണത്തിന് ആനുപാതികമാണെന്ന് കൃത്യമായി ഉറപ്പാക്കണം. ചില തസ്തികകളിൽ വ്യത്യാസം കാണുന്നു.

8. ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത മുനിസിപ്പൽ കോർപ്പറേഷനുകളിലെ വെഹിക്കിൾ സൂപ്പർവൈസർ തസ്തിക പൊതു സർവ്വീസിൽ ഉൾപ്പെടുത്തേണ്ടതാണ്.

9. പൊതു സർവ്വീസ് രൂപീകരണ പ്രക്രിയയ്ക്ക് മുമ്പ് മുഴുവൻ തസ്തികകളിലും അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

10. പൊതു സർവ്വീസ് പ്രാവർത്തികമാക്കുന്നതിനു മുമ്പ് ക്ലറിക്കൽ തസ്തികയിലെ യോഗ്യതയുള്ള മുഴുവൻ ജീവനക്കാരേയും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് അവരുടെ അർഹതപ്പെട്ട തീയതികളിൽ മുൻകാല പ്രാബല്യത്തോടെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഉദ്യോഗക്കയറ്റം നൽകേണ്ടതാണ്.

11. സ്റ്റേറ്റ് സർവ്വീസിലെ ട്രെയിനിംഗ് വിഭാഗത്തിൽ ലക്ചറർ ഇൻ കോ-ഓപ്പറേഷൻ തസ്തികയിലേക്ക് എച്ച്.ഡി.സി. ഉള്ളവരെ കൂടാതെ ബി.കോം വിത്ത് കോ-ഓപ്പറേഷൻ, എച്ച്.ഡി.സി.എം. എന്നീ യോഗ്യതകൾ കൂടി ഉൾപ്പെടുത്തണം.

12. ട്രെയിനിംഗ് വിഭാഗത്തിൽ ലക്ചറർ ഇൻ പബ്ലിക് ഹെൽത്ത് എന്ന തസ്തിക കൂടി ഉൾപ്പെടുത്തണം.

13. സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ പേജ് 20-ൽ Note 2-ൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ സൂപ്രണ്ടുമാരുടെ ഹയർ ഗ്രേഡ് സൂചിപ്പിച്ചിട്ടില്ല. ആയത് കൂടി ഉൾപ്പെടുത്തണം.

14. മുനിസിപ്പൽ കോമൺ സർവ്വീസിലെ ഫെയർ കോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തിക സംബന്ധിച്ച് സ്പെഷ്യൽ റൂൾസിൽ പ്രതിപാദിച്ചിട്ടില്ല.

15. മുനിസിപ്പൽ കോമൺ സർവ്വീസിൽ ആകെ രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക മാത്രമാണുള്ളത്. ഇപ്പോൾ മിസലേനിയസ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയ ടി തസ്തിക സബോർഡിനേറ്റ് സർവ്വീസ് കാറ്റഗറി 22-ൽ ഉൾപ്പെടുത്തി തുടർന്ന് പ്രൊമോഷനുകൾ ലഭ്യമാകുന്ന തരത്തിൽ ക്രമീകരിക്കണം.

## 10. കേരള മുനിസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ

1. വിവിധ തസ്തികകളിലേക്ക് പ്രൊമോഷനുകൾ നൽകുന്നതിനുള്ള റേഷ്യോ നൽകിയിട്ടുണ്ടെങ്കിലും ടേൺ നൽകിയതായി കാണുന്നില്ല. റേഷ്യോയോടൊപ്പം ടേൺ കൂടി നൽകണം.
2. പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതിക്ക് മുമ്പായി നിലവിൽ വന്ന ഒഴിവുകൾ അതാത് വകുപ്പുകളിൽ നിന്നു തന്നെ പ്രൊമോഷൻ വഴി നിയമിക്കേണ്ടതും, പൊതു സർവ്വീസ് നിലവിൽ വന്ന തീയതിക്കുശേഷം വരുന്ന ഒഴിവുകളിൽ മാത്രം പുതിയ ചട്ടങ്ങൾ പ്രകാരം ഒഴിവുകൾ നികത്തേണ്ടതുമാണ്.
3. നിലവിൽ നഗരസഭകളിലെ ഹെൽത്ത് സൂപ്പർവൈസർ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി ഗസറ്റഡ് തസ്തികയാക്കി ഉയർത്തേണ്ടതാണ്.
4. സ്റ്റേറ്റ് സർവ്വീസിൽ കാറ്റഗറി 17 ആയി ഉൾപ്പെടുത്തിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമാന തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം 2:8 ആക്കണമെന്നും നേരിട്ടുള്ള നിയമനത്തിൽ സബോർഡിനേറ്റ് സർവ്വീസിൽ നിലവിൽ ജോലി ചെയ്തുവരുന്ന യോഗ്യരായ ജീവനക്കാർക്ക് 20% സംവരണം ആക്കണമെന്നും ആവശ്യപ്പെടുന്നു.
5. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3-യെ ആദ്യ കരടിലേതുപോലെ കാറ്റഗറി 13-ൽ ഉൾപ്പെടുത്തേണ്ടതാണ്.
6. കാറ്റഗറി 17-ലേക്കുള്ള പ്രൊമോഷന് സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തിക പരിഗണിക്കുകയും, റവന്യൂ ഓഫീസർ ഗ്രേഡ് 2-നെ മറ്റു വകുപ്പുകളിലെ സീനിയർ സൂപ്രണ്ടിന്/ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമാനമായ തസ്തികയ്ക്ക് സമാനമായി കണക്കാക്കി സ്റ്റേറ്റ് സർവ്വീസിലെ കാറ്റഗറി 17 ആയി ഉൾപ്പെടുത്തുകയും വേണം. റവന്യൂ ഓഫീസർ ഗ്രേഡ് 1/പി.എ. ടു സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ/ കൗൺസിൽ സെക്രട്ടറി തസ്തിക മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3-യെ പോലെ തന്നെ കാറ്റഗറി 13-ൽ ഉൾപ്പെടുത്തേണ്ടതാണ്.
7. കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തിക മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 1 തസ്തികയ്ക്കു സമാനമാക്കി ഉയർത്തണം.
8. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയുടെ പേര് പബ്ലിക് ഹെൽത്ത് പ്രൊമോട്ടർ എന്നാക്കി മാറ്റേണ്ടതില്ലെന്നും പ്രസ്തുത തസ്തികയുടെ പ്രൊമോഷൻ തസ്തികയായി ആരോഗ്യ വകുപ്പിലുള്ളതുപോലെ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ/ലേഡി ഹെൽത്ത് സൂപ്പർവൈസർ തസ്തികകൾ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെടുന്നു.
9. സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട കാറ്റഗറി 14 ആയ ലൈബ്രേറിയൻ ഗ്രേഡ് 1-നു തുല്യമായ തസ്തികയായ ലൈബ്രേറിയൻ & കൾച്ചറൽ ഓഫീസർ തസ്തിക കോർപ്പറേഷനിൽ മാത്രമാണെന്ന് കാണുന്നു. നിലവിൽ കൊല്ലം കോർപ്പറേഷനിൽ മാത്രമാണ് ഗ്രേഡ് 1 ലൈബ്രേറിയൻ ഉള്ളത്. മറ്റുള്ള കോർപ്പറേഷനുകളിൽ ഗ്രേഡ് 3-ഉം ഗ്രേഡ് 4-ഉം ലൈബ്രേറിയൻ തസ്തികകളാണുള്ളത്. ആയതിനാൽ ഈ തസ്തികയുടെ ജോലിയിൽ കൂടുതൽ വ്യക്തത ആവശ്യമാണ്.
10. ടൈം ബൗണ്ട് ഹയർ ഗ്രേഡ് വാങ്ങിയ ഗ്രേഡ് 1 ലൈബ്രേറിയൻ തസ്തികയിൽ ജോലി ചെയ്യുന്നവരെ ലൈബ്രേറിയൻ & കൾച്ചറൽ ഓഫീസർ തസ്തികയിലും, ലൈബ്രേറിയൻ ഗ്രേഡ് 2, ഗ്രേഡ് 3 തുടങ്ങിയ സ്കെയിൽ വാങ്ങുന്നവരെ സമാന തസ്തികകളിലും ഉൾപ്പെടുത്തണം.

11. ഒരൊറ്റ വകുപ്പിന് കീഴിൽ വരുമ്പോൾ ഏകീകൃത സ്വഭാവം നിലനിർത്തുന്നതിനായി മുഴുവൻ ജീവനക്കാരുടേയും പി.എഫ്. സൂക്ഷിപ്പം, കൈകാര്യവും അക്കൗണ്ടന്റ് ജനറലിനെ ഏൽപ്പിക്കണം.
12. തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംശയങ്ങളകറ്റുന്നതിനായി ഒരു ഹെൽപ് ഡെസ്ക് ഏർപ്പെടുത്തണം.
13. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പായി എല്ലാ തസ്തികകളുടെയും ഗ്രഡേഷൻ ലിസ്റ്റുകൾ അന്തിമമാക്കേണ്ടതും യോഗ്യരായ മുഴുവൻ ജീവനക്കാരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതുമാണ്.
14. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യണം.

## 11. കേരള മുൻസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് സംഘ്

1. പ്രൊമോഷൻ തസ്തികയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി III മുതൽ അഡിഷണൽ ഡയറക്ടർ വരെയുള്ള തസ്തികയിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഗ്രാജുവേഷൻ ആക്കുക.
2. പൊതുസർവീസ് നടപ്പിലാക്കുന്നതിന് മുൻപ് മുൻസിപ്പൽ കോമൺ സർവീസിലെ വിവിധ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കി പ്രസിദ്ധീകരിക്കുകയും മാനദണ്ഡങ്ങൾ പാലിക്കാതെ നാളിതുവരെ നടത്തിയ നിയമനങ്ങളും ഉദ്യോഗക്കയറ്റങ്ങളും ക്രമവത്കരിക്കുകയും ചെയ്യേണ്ടതാണ്.
3. ആരോഗ്യ വിഭാഗത്തിൽ ജെ.എച്ച്.ഐ തസ്തികയ്ക്ക് അടിസ്ഥാന യോഗ്യത +2 സയൻസ്, ദ്വിവത്സര ഡിപ്ലോമ കോഴ്സ് എന്നത് തുടരേണ്ടതാണ്. കൂടാതെ ഈ തസ്തികയിൽ നേരിട്ടുള്ള നിയമനം തുടരുക. 10 % പ്രൊമോഷൻ തസ്തികയായി നിജപ്പെടുത്തുക
4. I st ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ശമ്പള സ്കെയിൽ ഉയർത്തി സ്റ്റേറ്റ് സർവീസിൽ ഉൾപ്പെടുത്തുക
5. ആരോഗ്യ വിഭാഗത്തിലെ ജീവനക്കാർക്ക് ജില്ലാതല പ്രൊമോഷൻ ലഭ്യമാക്കുക. എച്ച്.എസ്. തസ്തിക ഗസറ്റഡ് ആക്കുകയും എല്ലാ നഗരസഭകളിലും എച്ച്.എസ്. തസ്തിക അനുവദിക്കുകയും ചെയ്യുക. എഞ്ചിനീയർ വിഭാഗത്തിൽ ഓവർസിയർ എന്ന തസ്തിക സബ് എഞ്ചിനീയർ എന്നാക്കുക.

## 12. കേരള മുൻസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് ഫെഡറേഷൻ

തദ്ദേശ സ്വയംഭരണ പൊതുസർവീസ് രൂപപ്പെടുത്തുന്നതിനുള്ള തിടുക്കം ഗുണത്തേക്കാൾ ഏറെ ദോഷങ്ങൾ വരുത്തുമെന്നാണ് സംഘടന അഭിപ്രായപ്പെട്ടിട്ടുള്ളത്. കേരള മുൻസിപ്പൽ കോമൺ സർവീസ് പഞ്ചായത്ത് വകുപ്പ് നഗരകാര്യ വകുപ്പ് ഗ്രാമ വികസന വകുപ്പ് തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളെ ഏകീകരിക്കാനാണ് പൊതുസർവീസിലൂടെ ലക്ഷ്യമിടുന്നത്. എന്നാൽ ഇതിൽ ചില വകുപ്പുകളിൽ ട്രഷറിയിൽ നിന്നും നേരിട്ട് ശമ്പളം വാങ്ങുമ്പോൾ മറ്റു ചില വകുപ്പുകൾ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കും തനത് ഫണ്ടാണ് വിനിയോഗിക്കുന്നത്. തദ്ദേശ ഏകീകരിക്കുന്നതോടെ മുഴുവൻ ജീവനക്കാർക്കും ട്രഷറി മുഖേന ശമ്പളം അനുവദിക്കുവാൻ നിലവിലുള്ള സാമ്പത്തിക സ്ഥിതി അനുസരിച്ച് കഴിയാത്തതുമാണെന്ന് സംഘടന അഭിപ്രായപ്പെടുകയുണ്ടായി.

കരട് വിശേഷാൽ ചട്ട പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും താഴെയുള്ള തസ്തികയായിട്ടാണ് മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III യെ ക്രമീകരിച്ചിട്ടുള്ളത്. നിലവിലുള്ള സ്ഥിതി തുടരണമെന്നും തുടർന്ന് ക്രമ നമ്പർ 12-ലോ 13-ലോ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയെ ഉയർത്തണമെന്നുമാണ് സംഘടന അഭിപ്രായപ്പെട്ടിട്ടുള്ളത്. ഏകീകൃതമായ തസ്തികകൾ പല വകുപ്പുകളിലും നിലവിലില്ലാത്തതിനാൽ വിവിധ തസ്തികകളുടെ ഏകീകരണം അനിശ്ചിതത്വത്തിന് ഇട വരുത്തും. സ്പെഷ്യൽ റൂളിൽ മാറ്റമുണ്ടാകുമ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിൽ ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റ് സംരക്ഷിക്കുന്ന നയമാണ് പൊതുവിൽ സ്വീകരിക്കാറുള്ളത്. എന്നാൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലേയ്ക്കും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്കും നിലവിലുള്ള റാങ്ക് ലിസ്റ്റിനെ സംരക്ഷിച്ചുകൊണ്ട് യാതൊരു നിർദ്ദേശവും ഡ്രാഫ്റ്റ് റൂളിൽ ഉൾപെടുത്തിയിട്ടില്ലായെന്ന് അഭിപ്രായപ്പെട്ടു. മുൻസിപ്പൽ കോമൺ സർവീസ് പഞ്ചായത്ത് വകുപ്പ് നഗരകാര്യ വകുപ്പ് ഗ്രാമ വികസന വകുപ്പ് എന്നിവയിൽ പ്രൊമോഷൻ സാധ്യതയുടെ നിരക്ക് വ്യത്യസ്തമായതിനാൽ അതിശക്തമായ അസന്തുലിതത്വം രൂപപ്പെടാൻ ഇടവരുത്തും എന്നും സംഘടന അഭിപ്രായപ്പെട്ടു.

## 13. കേരള മുൻസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് ഓർഗനൈസേഷൻ

1. വകുപ്പുതല ഏകീകരണം നടത്തുമ്പോൾ ജീവനക്കാരുടെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത് KSSR Part II Rule 27 (C) പ്രകാരമായിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. മുൻസിപ്പൽ മേഖലയിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന

പ്രൊമോഷൻ പോസ്റ്റുകളായി RO, ARO(grade II) SS എന്നീ പോസ്റ്റുകളും ഹെൽത്ത് വിഭാഗത്തിലെ ഹെൽത്ത് സൂപ്പർവൈസർ പോസ്റ്റും കരട് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും എല്ലാ മുൻസിപ്പാലിറ്റികളിലും അസി.സെക്രട്ടറി, അക്കൗണ്ടന്റ് തസ്തികകൾ രൂപീകരിക്കേണ്ടതും മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്രണ്ട് മുതലുള്ള എല്ലാ തസ്തികകളും ഗസറ്റഡ് ആക്കി മാറ്റേണ്ടതുമാണ് കരടിൽ തെറ്റായി ഉപയോഗിച്ചിട്ടുള്ള Additional Corporation Secretary, Joint Corporation Secretary എന്നീ പദപ്രയോഗങ്ങൾ മാറ്റി Corporation Additional Secretary, Corporation Joint Secretary എന്ന് മാറ്റം വരുത്തേണ്ടതാണ്.

2. കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലേക്ക് designation നോക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള MBA MA Public Administration, Mass Communication and journalism, MA Sociology എന്നീ യോഗ്യതകൾ നേടിയവരെക്കൂടി By Transfer by seniority list വ്യവസ്ഥയിൽ പരിഗണിക്കേണ്ടതാണ്.

3. സിസ്റ്റം മാനേജർ തസ്തികയിലേക്ക് BTech, MCA, Any degree with PGDCA എന്നീ യോഗ്യതകൾ നേടിയവർക്ക് By Transfer by seniority list വ്യവസ്ഥയിൽ നിയമനം നൽകേണ്ടതാണ്.

4. ഗ്രൂപ്പ് 2 -ഹെൽത്ത് & എൻവയോൺമെന്റ് മാനേജ്മെന്റ് വിങ് -മേഖലയിൽ ഉള്ള നിയമനത്തിന് മുൻസിപ്പൽ മേഖലയിലെ ഹെൽത്ത് വിഭാഗം ജീവനക്കാരിൽ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവരെയും കൂടി By Transfer by seniority list വ്യവസ്ഥയിൽ പരിഗണിക്കേണ്ടതാണ്.

5. ഗ്രൂപ്പ് 3 - അസിസ്റ്റന്റ് എൻജിനിയർ നിയമനത്തിന് ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഒന്നാം ഗ്രേഡ് ഓവർസിയർമാരെ കൂടി By Transfer by seniority list വ്യവസ്ഥയിൽ പരിഗണിക്കേണ്ടതാണ്.

6. ഗ്രൂപ്പ് 5 - ലക്ചറർ ഗ്രേഡ് I &II (റൂറൽ ഇൻഡസ്ട്രീസ്, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ കോ-ഓപ്പറേഷൻ, റൂറൽ എക്കണോമിക്സ്, സോഷ്യൽ എഡ്യൂക്കേഷൻ എന്നീ

തസ്തികകളിലെ By Transfer നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു.

## 14. കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ

1. പുതുതായി രൂപീകരിക്കുന്ന പൊതുസർവീസിലെ ഓരോ സ്ഥാപനവും ജീവനക്കാരനും നിർവഹിക്കുന്ന സേവനപരമായ ഉത്തരവാദിത്വവും ചുമതലയും കൃത്യമായി നിർവചിക്കുന്ന സേവന മാന്വൽ (Functional Manual ) ഉണ്ടാക്കണം. ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനം മെച്ചപ്പെടുത്തുവാൻ സഹായകമാകുന്ന തരത്തിൽ മേഖല ജില്ലാ സംസ്ഥാനതല ഓഫീസിൽ സംവിധാനം രൂപപ്പെടുത്തണം എന്ന പൊതു സമീപനം സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.
2. കാറ്റഗറി 17-ന്റെ പ്രൊമോഷനായി ഫീഡർ കാറ്റഗറിയുടെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തിയുള്ള അനുപാതം നൽകേണ്ടതാണ്.
3. കാറ്റഗറി 13 - കാറ്റഗറി 16 -ൽ നിന്നും നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് മാത്രമാണ് ഇതെന്ന് (കാറ്റഗറി 13 എന്ന്) വ്യക്തമായി സൂചിപ്പിക്കണം. കാറ്റഗറി 16-ൽ നൽകിയിട്ടുള്ള നോട്ടിൽ പരാമർശിക്കുന്ന ഭാഗം 13 ന്റെ നോട്ടിന്റെ ഭാഗമാക്കണം.
4. കാറ്റഗറി 9-ന്റെ പ്രൊമോഷനുള്ള ഫീഡർ കാറ്റഗറിയായി കാറ്റഗറി 13 മാത്രമായി നിശ്ചയിക്കണം.
5. കാറ്റഗറി 7 നിലവിലുള്ള മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് 1-ൽ നിന്നുള്ള പ്രൊമോഷൻ പൂർത്തീകരിച്ചു കഴിഞ്ഞാൽ തുടർന്ന് കാറ്റഗറി 8 -ന്റെ പ്രൊമോഷൻ തസ്തികയായി ഇതു മാറുമെന്ന് നോട്ടിൽ വ്യക്തമാക്കണം.
6. കാറ്റഗറി 5 -നെ കാറ്റഗറി 7, 8 തസ്തികയിൽ നിന്നുള്ള സെലക്ഷനായി മാറ്റണം.
7. കാറ്റഗറി 4 നെ സേവിങ്സ് ക്ലോസ് പ്രകാരമുള്ള പ്രൊമോഷൻ പൂർത്തീകരിച്ചതിനു ശേഷം കാറ്റഗറി 7 -ൽ നിന്നുള്ള പ്രൊമോഷൻ തസ്തികയായി മാറ്റണം.
8. കാറ്റഗറി 2 മൂന്ന് ഡയറക്ടർ തസ്തികയിലേയ്ക്കും വകുപ്പിൽ നിന്ന് സീനിയറായ അഡിഷണൽ ഡയറക്ടർമാരെ പ്രൊമോട്ട് ചെയ്ത് നിയമിക്കണം.

9. കരട് നിർദേശത്തിൽ ചുവടെ പറയുന്ന പൊതുമാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുകയുണ്ടായി.

10. പൊതു സർവീസിലെ തസ്തികകൾക്ക് സിവിൽ സർവീസിലെ ഇതര വകുപ്പുകളുടെ തസ്തികകളുടെ നാമകരണം നല്കണമെന്നും സെലക്ഷൻ നിയമനം ബാധകമാകുന്ന തസ്തികകളിൽ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി ആണ് സെലക്ഷൻ കമ്മിറ്റി എന്നും എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിങ് ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് തുടങ്ങിയ വകുപ്പുകളിലെ നിലവിലുള്ള മിനിസ്റ്റീരിയൽ സംവിധാനം അതേപടി നിലനിർത്തണമെന്നും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം ഒഴിവാക്കണമെന്നും ഫീഡർ തസ്തികകൾക്ക് പൂജ്യം അനുപാതം നൽകിയിരിക്കുന്നത് ഒഴിവാക്കണമെന്നും, TRIDA, GCDA തുടങ്ങിയ ഡെവലപ്മെന്റ് അതോറിറ്റിയിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കണമെന്നും അഭിപ്രായപ്പെട്ടു.

11. പെർഫോമൻസ് ഓഡിറ്റ് സംവിധാനം പരമാവധി വികേന്ദ്രീകരിക്കണമെന്നും ജില്ലാ എംപവർമെന്റ് ഓഫീസർ തസ്തികയിൽ നിയമിക്കപ്പെടുന്നവരെ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരായി നിയമിക്കുന്നത് ഉചിതമായിരിക്കും എന്നും നിർദ്ദേശിക്കുകയുണ്ടായി.

## 15. കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ

1. LSGD വിങ് എന്നതിന് പകരം LSGD ഡിവിഷൻ എന്നും state co -ordinating officer എന്ന പ്രയോഗത്തിന് പകരം ബന്ധപ്പെട്ട തസ്തികയുടെ പേരിനൊപ്പം ജനറൽ , കോ-ഓർഡിനേഷൻ എന്നിങ്ങനെ ഉചിതമായ പദമാറ്റം പരിഗണിക്കാവുന്നതാണ്.

2. JDP-JDC, DDP-DDC, ADP-ADC എന്നീ തസ്തികകൾ ഒരു ഏകീകൃത ശമ്പള സ്കെയിലും തുല്യമായ അധികാരങ്ങളും നൽകുന്ന തരത്തിൽ ഏകീകരിക്കപ്പെടണം

3. ജനറൽ കാറ്റഗറിയിൽ ഒന്നാം ഗസറ്റഡ് തസ്തികയിലെ വിവിധ pay scale ുകൾ ഏകീകരിക്കപ്പെടുകയും inter changeable ആക്കണം. ഒരു തസ്തികയിൽ മിനിമം 2 വർഷത്തെ സേവനം ഉറപ്പാക്കണം.

4. പെൻഷൻ ഓഫീസർ എന്ന തസ്തിക welfare officer LSGD എന്ന് മാറ്റം വരുത്തേണ്ടതാണ്. അക്കൗണ്ട്സ് ഓഫീസർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ തസ്തികകളുടെ പേരിൽ മാറ്റം വരുത്താതെ നിലനിർത്തണമെന്നും കൗൺസിൽ സെക്രട്ടറി എന്ന പേരിന് പകരം മെമ്പർ സെക്രട്ടറി എന്നും കമ്മ്യൂണിക്കേഷൻ ഓഫീസർ എന്ന പേരിന് പകരം മീഡിയ ഓഫീസർ എന്ന പേരും പരിഗണിക്കാവുന്നതാണ്.

5. എഞ്ചിനീയറിംഗ് വിഭാഗത്തിൽ തസ്തികയോടൊപ്പം ഇലക്ട്രിക്കൽ, സിവിൽ, മെക്കാനിക്കൽ, ആർക്കിടെക്ട് എന്നീ വിഭാഗം കൂടി സൂചിപ്പിക്കേണ്ടതാണ്. തൃശ്ശൂർ ഇലക്ട്രിക്കൽ വിങ് എന്ന പ്രത്യേക വിഭാഗം ഒഴിവാക്കി ടി തസ്തികകൾ എൻജിനീറിങ് ഡിവിഷൻ പൊതു വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

6. ട്രെയിനിങ് വിഭാഗത്തിൽ lecturer എന്ന പദത്തിന് പകരം Assistant Professor എന്നാക്കി മാറ്റുകയും അസിസ്റ്റന്റ് പ്രൊഫസർ ട്രെയിനിങ്ങിന് പ്രൊമോഷൻ തസ്തികകളായി പ്രൊഫസർ, പ്രിൻസിപ്പൽ എന്നിവ ഉറപ്പാക്കുകയും വേണം ഓരോ വകുപ്പിലെയും നിലവിലുള്ള തസ്തികകൾ ഇന്റഗ്രേറ്റ് ചെയ്ത് ratio നിശ്ചയിക്കുമ്പോൾ വകുപ്പിൽ നിലവിലുള്ള തസ്തികയുടെ ആകെ cadre strength പരിഗണിക്കേണ്ടതുണ്ട്. ഒന്നാം ഗസറ്റഡ് തസ്തികയിൽ 1/3 -ൽ കൂടുതൽ നേരിട്ടുള്ള നിയമനം പാടില്ലായെന്നും രണ്ടാം ഗസറ്റഡ് തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നേരിട്ടുള്ള നിയമനം അവലംബിക്കരുതെന്നും അഭിപ്രായപ്പെട്ടു.

7. പഞ്ചായത്ത് വകുപ്പിലെ സീനിയർസൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള ഉയർന്ന തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കണം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നിയമനത്തിൽ 68700-110400 മുതലുള്ള എല്ലാ വിഭാഗങ്ങളെയും പരിഗണിക്കണം. എഞ്ചിനീയറിംഗ് വിങ്ങിലെ ഉന്നത സാങ്കേതിക തസ്തികകളുടെ എണ്ണം വർധിപ്പിക്കണം. പഞ്ചായത്തിലെ പെർഫോമൻസ് ഓഡിറ്റർ തസ്തികകൾ അസിസ്റ്റന്റ് ഡയറക്ടർ-ന് സമാന തസ്തികയിലേക്ക് ഉയർത്തണം. വിജിലൻസ് വിങ് രൂപീകരിക്കുകയും ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി നിലനിർത്തുകയും വേണം.

### 16. കേരള ഗസറ്റഡ് ഓഫീസെഴ്സ് സംഘ്

ഏകീകരണം നടത്തുന്നത് പല സർവീസ് പ്രശ്നങ്ങൾക്കും ഇടവരുത്തും എന്ന് സംഘടന അഭിപ്രായപ്പെടുകയുണ്ടായി. കോ-ഓർഡിനേറ്റർ തസ്തിക പുനർനാമകരണം ചെയ്യണം. Direct Recruitment-ൽ വരുന്ന മാറ്റങ്ങൾ പ്രൊമോഷൻ സാധ്യത ഇല്ലാതാക്കുന്നുവെന്നും അഭിപ്രായപ്പെട്ടു.

### 17. കേരള ഗസറ്റഡ് ഓഫീസെഴ്സ് ഫെഡറേഷൻ

നേരിട്ടുള്ള നിയമനവും By transfer നിയമനവും 1:1 ആക്കണം. നേരിട്ടുള്ള നിയമനത്തിന് നീക്കിവച്ചിട്ടുള്ള പോസ്റ്റ് 10%. സബോർഡിനേറ്റ് സർവീസിലുള്ള യോഗ്യരായവർക്ക് നേരിട്ട് നിയമനം നടത്തണം. ETC Lectures -ന് പ്രൊമോഷൻ കൊടുത്ത് പ്രിൻസിപ്പൽമാരായി നിയമിക്കണം. Medical officer (ayurveda), Medical officer (Homeopathy), Veterinary Surgeon ഇവരുടെ പ്രൊമോഷൻ ചാൻസ് കുറയുന്നതായും അതിനെ ടി തസ്തികകളെ Indian Systems of Medicine, Homeopathy, Animal Husbandry എന്നീ വകുപ്പുകളുടെ സമാന തസ്തികകളിൽ ex-cadre post ആയി പരിഗണിക്കേണ്ടതാണെന്ന് സംഘടന അഭിപ്രായപ്പെട്ടു. Deputy Town Planner/Sub-regional Planner/Deputy Urban Planner തസ്തികയിലെ നേരിട്ടുള്ള നിയമനം ഒഴിവാക്കി പ്രസ്തുത നിയമനം ATP തസ്തികയിൽ നിന്നുള്ള പ്രൊമോഷൻ വഴി ആക്കണം.

ഗ്രൂപ്പ് IV-ലെ Town & Country Planning wing -ലെ direct recruitment ഒഴിവാക്കണം. ഗ്രൂപ്പ് V - Training Wing-ൽ Lecturer Gr.I Animal Husbandry - ഈ തസ്തിക Animal Husbandry വകുപ്പിന്റെ ex-cadre post ആക്കണം. കരട് ചട്ടത്തിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്ക് പുറമേ സ്റ്റേറ്റ് വെറ്റിനറി കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിരിക്കണം.

### 18. സ്റ്റേറ്റ് ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ

1. ഗസറ്റഡ് തസ്തികയിലേക്ക് കെ.എ.എസ്. മുഖേന 10% നേരിട്ടുള്ള നിയമനം ഉള്ളതിനാൽ ഒന്നാം ഗസറ്റഡ് തസ്തികയായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക്

പഞ്ചായത്ത് സെക്രട്ടറി, മുൻസിപ്പൽ സെക്രട്ടറി മുതലായ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം 20% ആയി ഫിക്സ് ചെയ്യേണ്ടതും പഞ്ചായത്ത് വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തിക കരട് ചട്ടത്തിൽ ഉൾപ്പെടുത്തേണ്ടതും മുൻസിപ്പൽ ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കേണ്ടതുമാണെന്ന് സംഘടന അഭിപ്രായപ്പെട്ടു. പൊതു സർവീസിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ഒരു കോമൺ പൂളിൽ നിന്നും ശമ്പളവും പെൻഷനും ലഭിക്കുന്നത് സംബന്ധിച്ച വിവരം കരടിൽ പരാമർശിച്ചിട്ടില്ല. തസ്തികകളുടെ നിലവിലെ പേര് മാറ്റി പകരം പുതിയ പേര് നൽകുന്നത് പി.എസ്.സി. നിയമനങ്ങളിൽ സങ്കീർണതയ്ക്ക് വഴിയൊരുക്കുന്നതാണ്. വി.ഇ.ഒ. ഗ്രേഡ് I ലേക്കുള്ള സ്ഥാനക്കയറ്റം വി.ഇ.ഒ. ഗ്രേഡ് II തസ്തികയിലുള്ളവർക്ക് മാത്രമായി ചുരുക്കിയിരിക്കുന്നത് നിയമവിരുദ്ധമാണെന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള ratio ഫിക്സ് ചെയ്തിട്ടുള്ളതിൽ അപാകത ഉള്ളതായും എല്ലാ ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലും കമ്പ്യൂട്ടർ അസിസ്റ്റന്റ്, ലൈബ്രേറിയൻ തസ്തികകൾ അനുവദിക്കേണ്ടതാണെന്നും കാറ്റഗറി 13, 21 -നെ വകുപ്പുതല പരീക്ഷകളിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്നും അറിയിച്ചു.

2. അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാരെ ഗ്രൂപ്പ് 1-ലെ കാറ്റഗറി 1-ലാണ് ഉൾപ്പെടുത്തേണ്ടതാണെന്നും സെറിഫെഡ് സർവീസിലെ മുഴുവൻ കാലയളവും പൂർണമായും അർഹതയുള്ള സർവീസ് കാലയളവായി അനുവദിച്ച് ഉത്തരവുണ്ടാകുകയും അതനുസരിച്ചുള്ള ശമ്പളവും ആനുകൂല്യങ്ങളും പുനർനിർണ്ണയിക്കണമെന്നും അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാരുടെ വിഷയങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ 2 അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാരെ കൂടി നിയമിക്കുവാനുള്ള നിർദ്ദേശം ഉണ്ടാകണമെന്നും അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാരെ നിലവിൽ ജോലി ചെയ്യുന്ന തസ്തികയായ അസിസ്റ്റന്റ് നോഡൽ ഓഫീസർ എന്ന തസ്തികയിൽ നിന്നും ഡെപ്യൂട്ടി നോഡൽ ഓഫീസർ എന്ന തസ്തികയിലേക്ക് പുനർനാമകരണം ചെയ്യേണ്ടതാണെന്നും സംഘടന അഭിപ്രായപ്പെട്ടു. കരട് വിശേഷാൽ ചട്ടത്തിൽ അപാകതകൾ ഉള്ളതായും ആയത് പരിശോധിക്കേണ്ടതാണെന്നും സംഘടന അഭിപ്രായപ്പെട്ടു.

3. പൊതു സർവീസിലെ ഭരണ വിഭാഗം ഡയറക്ടറായി ഗ്രാമ വികസന വകുപ്പ് ഡയറക്ടറെ നിയമിക്കുന്നത് പഞ്ചായത്ത് വകുപ്പിനെ അവഗണിക്കുന്നതിന് തുല്യമാണ്. വ്യത്യസ്ത കരിയർ അഡ്വാൻസ്മെന്റുകൾ നിലവിലുള്ള 5 വകുപ്പുകളെ ഏകീകരിക്കുമ്പോൾ ഏറ്റവും അധികം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നത് പഞ്ചായത്ത് വകുപ്പാണെന്നുള്ളതിനാൽ ആയത് പരിഗണിക്കേണ്ടതാണ്. ratio നിശ്ചയിച്ചതിലെ അപാകതകൾ പരിഗണിക്കേണ്ടതാണ്. ഡിസ്ട്രിക്ട് ചീഫ് കോ-ഓർഡിനേറ്റർ & ഡി.പി.സി. സെക്രട്ടറി എന്ന പുതിയ തസ്തിക സൃഷ്ടിക്കുമ്പോൾ പഞ്ചായത്ത് വകുപ്പിനെ അവഗണിച്ചതായും നിലവിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരായി പ്രവർത്തിക്കുന്നവർ എ.ഡി.സി.തലത്തിലേയ്ക്ക് തരം താഴ്ത്തപ്പെടുന്നതായും അഭിപ്രായപ്പെട്ടു.

4. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി (സീനിയർ ഗ്രേഡ്) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (സീനിയർ ഗ്രേഡ്) മായി സമന്വയിച്ചിരിക്കുന്നു. ഇത് ഇന്റർചെയ്ഞ്ചബിൾ അല്ല. അഡിഷണൽ ഡയറക്ടർ തസ്തികയിലേക്ക് ജോയിന്റ് ഡയറക്ടർമാരിൽ നിന്നുള്ള സ്ഥാനക്കയറ്റത്തിനുള്ള ratio, cadre strength ന്റെ അടിസ്ഥാനത്തിൽ 5 : 5 : 4 എന്ന് നിശ്ചയിക്കണം. നിലവിൽ ഡെപ്യൂട്ടി ഡയറക്ടർമാരായി പ്രവർത്തിക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ സംയോജിത വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ & കോ-ഓർഡിനേറ്റിംഗ് ഓഫീസർമാരായി നിയമിച്ചതിനു ശേഷം മാത്രം സംയോജനം നടപ്പിലാക്കണം. കാറ്റഗറി 9 -ൽ എ.ഡി.സി.മാർക്കും രണ്ടാം ഗ്രേഡ് മുൻസിപ്പൽ സെക്രട്ടറിമാർക്കും തുല്യരായി എ.ഡി.പി.മാരെ പരിഗണിച്ച് പ്രൊമോഷന് അർഹമായ ratio നിശ്ചയിക്കണം. സംയോജനത്തിനു മുൻപ് പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകൾ (66 എണ്ണം) എങ്കിലും എ.ഡി.പി. കേഡറിലേക്കുയർത്തണം. കാറ്റഗറി 9 ലേക്കുള്ള പ്രൊമോഷൻ ഹയർ ഗ്രേഡ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും സീനിയർ ബി.ഡി.ഒ. മാർക്കും തുല്യമായി പരിഗണിച്ച് ratio നിശ്ചയിക്കണം. പി.എഫ്. അക്കൗണ്ട് ഓഫീസർ തസ്തിക എ.ഡി.പി. തസ്തികയ്ക്ക് സമാനമായി കണക്കാക്കി cadre strength -ൽ ഉൾപ്പെടുത്തണം.

## 19. കേരള സെക്രട്ടേറിയറ്റ് എംപ്ലോയിസ് അസോസിയേഷൻ

ആദ്യമായി പൊതുസർവ്വീസ് രൂപീകരിക്കുവാനുള്ള സർക്കാർ നീക്കത്തെ ടി സംഘടന സ്വാഗതം ചെയ്യുകയുണ്ടായി.

1. പ്രിൻസിപ്പൽ ഡയറക്ടറുടെയും ഡയറക്ടർമാരുടെയും നിയമനം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നാണെന്നും അതിനാൽ The Kerala Local Self Government Department State Service Special Rule -ൽ ഉൾപ്പെടുത്തേണ്ടതില്ലായെന്ന് അറിയിച്ചു. ജില്ലാപഞ്ചായത്ത് സെക്രട്ടറി നിയമനം നിലവിൽ അനുവർത്തിക്കുന്ന നിയമനരീതിയിൽ തുടരേണ്ടതാണെന്നും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിലവിലുള്ള അനുപാതത്തിൽ തസ്തികമാറ്റ നിയമനം ഉൾപ്പെടുത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. നിലവിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ വിന്യസിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ലോ ഓഫീസർ തസ്തികകൾ മാതൃവകുപ്പിൽ നിന്നുള്ള നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതാണെന്നും അറിയിച്ചു.
2. ജില്ലാപഞ്ചായത്തുകളിലെ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് നിലവിലുള്ള നിയമനരീതി തുടരേണ്ടതാണെന്നും, പെർഫോർമൻസ് ഓഡിറ്റിന്റെ നിലവിലുള്ള സംവിധാനം തുടരണമെന്നും റീജിയണൽ പെർഫോർമൻസ് ഓഡിറ്റ്, ജില്ലാപെർഫോമൻസ് ഓഡിറ്റ് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ നിയമന കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥ നിലനിർത്തണമെന്നും അഭിപ്രായപ്പെട്ടു.
3. പുതുതായി സൃഷ്ടിച്ച Legal Assistant തസ്തികയിൽ പി.എസ്.സി വഴിയും നേരിട്ടുള്ള നിയമനത്തിന് പ്രാമുഖ്യം നൽകി നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റനിയമനത്തിനും അനുപാതം നിശ്ചയിക്കണമെന്നും അതോടൊപ്പം നിയമ വകുപ്പിലെ Legal Assistant തസ്തികയിലേക്കുള്ള യോഗ്യതകൾ പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിക്കണമെന്നും പി.എസ്.സി മുഖാന്തിരമുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിയമ വകുപ്പിൽ നിന്നുള്ള അന്യത്രസേവനനിയമം നടത്തണമെന്നും അഭിപ്രായപ്പെട്ടു.

## 20. കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ

1. കരട് സ്പെഷ്യൽ റൂളിൽ വ്യക്തതയില്ലെന്നും, കരട് സ്പെഷ്യൽ റൂൾ മലയാളത്തിൽ പ്രസിദ്ധീകരിക്കണമെന്നും ആവശ്യപ്പെട്ടു.
2. ജില്ലാപഞ്ചായത്തുകളിലെ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് നിലവിലുള്ള നിയമനരീതി തുടരേണ്ടതാണ്.
3. നിലവിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ വിന്യസിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ലോ ഓഫീസർ തസ്തികകൾ മാതൃവകുപ്പിൽ നിന്നുള്ള നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതാണ്.
4. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾക്ക് അനുസൃതമായി ഏർപ്പെടുത്തിയ പഞ്ചായത്തീരാജ്-നഗരപാലിക സംവിധാനം വിഭാവനം ചെയ്ത വികേന്ദ്രീകൃത അധികാര

വിഭജനത്തിന്റെ അന്തഃസത്തയ്ക്ക് എതിരാകം ഏകീകൃത പൊതുസർവ്വീസ് എന്നുള്ള പൊതുസംശയം ദൂരീകരിക്കണം.

5. സെക്രട്ടേറിയറ്റ് സർവ്വീസിന്റെ ഭരണഘടനാപരമായ ഔന്നത്യം നിലനിർത്തിയും ഭരണസംവിധാനത്തിനായും രൂപീകരിച്ചിട്ടുള്ള നിലവിലുള്ള തസ്തികകൾ പൊതുസർവ്വീസിലും അതേപടി നിലനിർത്തുക.

6. വളരെ അവധാനതയോടെ പരിശോധിച്ച് തീരുമാനമെടുക്കേണ്ടുന്ന ഒരു വിഷയമാണ് ഏകീകൃത പൊതുസർവ്വീസ് രൂപീകരണം എന്നതിനാൽ ഈ വിഷയത്തിൽ സമഗ്രമായ തുറന്ന ചർച്ചകൾ നടത്തുക.

7. വ്യക്തമായ 'line of hierarchy' ഉണ്ടാക്കുകയും ആയതനുസരിച്ചുള്ള തസ്തിക നിർണ്ണയവും പുനർനിർണ്ണയവും നടത്തുക.

8. വളരെയധികം സൂക്ഷ്മതയും കൃത്യതയും ആവശ്യപ്പെടുന്ന, പൊതുജനങ്ങളുമായി നേരിട്ടിടപഴകുന്ന പുതിയ പൊതുസർവ്വീസ് നടപ്പിലാക്കുമ്പോൾ സെക്രട്ടേറിയറ്റിന്റെ ഭരണപരമായ അറിവുകൾ പ്രയോജനപ്പെടുത്തുന്നതിനായി അവിടെ നിലവിലുള്ള തസ്തികകൾ നിലനിർത്തുന്നതിനോടൊപ്പം പുതിയ തസ്തികകളിൽ കൂടി സെക്രട്ടേറിയറ്റിൽ നിന്നും നിയമനം നടത്തുക.

## 21. കേരള സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷൻ

1. ജില്ലാപഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം സെക്രട്ടേറിയറ്റിലെ പൊതുഭരണ, ധനകാര്യ വകുപ്പിൽ നിന്നും നിയമിക്കുന്ന നിലവിലെ രീതി തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

2. പെർഫോർമൻസ് ഓഡിറ്റ് വിങ് നിലനിർത്തേണ്ടതാണെന്നും പ്രസ്തുത വിങിൽ കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതും, നിലവിലെ നിയമന രീതി തുടരേണ്ടതാണെന്നും അറിയിച്ചു.

3. ധനകാര്യ വകുപ്പിലെ ജീവനക്കാർക്ക് പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ മാറ്റി വച്ചിട്ടുള്ള ഫിനാൻസ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ തസ്തികകൾ ഇനിയും നിലനിർത്തേണ്ടതാണ്.

4. പഞ്ചായത്ത് വകുപ്പിലും നഗരകാര്യവകുപ്പിലും നിലവിലുള്ള ലാ ഓഫീസർ തസ്തികകൾ തുടരുവാനും നിലനിർത്തുവാൻ കഴിയുമോയെന്നും പരിശോധിക്കേണ്ടതാണ്.

5. Legal Assistant തസ്തികകളിൽ നിയമനം നടത്തുമ്പോൾ 50% തസ്തികകൾ item (I) ആയി നിശ്ചയിച്ച് നേരിട്ടുള്ള നിയമനത്തിനായും ബാക്കിയുള്ള 50% കരട് ചട്ടത്തിൽ പരാമർശിക്കുന്ന item (i) item(ii) എന്നിവർക്കായി നിശ്ചിവെക്കുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെട്ടു.

## 22. കേരള സെക്രട്ടേറിയറ്റ് എംപ്ലോയിസ് സംഘ്

1. നിലവിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ വിന്യസിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ്

ഓഫീസർ/ലോ ഓഫീസർ തസ്തികകൾ മാതൃവകുപ്പിൽ നിന്നുള്ള നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതാണ്.

2. പ്രിൻസിപ്പൾ ഡയറക്ടറേറ്റിന്റെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കുന്നതിനും സെക്രട്ടറിയേറ്റിലെ ധന-നിയമ-പൊതുഭരണ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം പുതുതായി പ്രയോജനപ്പെടുത്താവുന്നതാണെന്നും, അതൊടൊപ്പം ജില്ലാപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനത്തിൽ സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് 50%ത്തിൽ കുറയാത്ത നിയമനം ഉറപ്പുവരുത്തേണ്ടതാണ്.

3. ജില്ലാപഞ്ചായത്ത് സെക്രട്ടറി തസ്തികയുടെ പുതിയ സർവ്വീസിലെ സമാന തസ്തിക ഏതെന്ന് നിശ്ചയിച്ചതായി കാണുന്നില്ലായെന്നും അതൊടൊപ്പം ജില്ലാപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്ന സെക്രട്ടറിയറ്റ് ജീവനക്കാരുടെ തസ്തികകൾ തുടർന്നും നിലനിർത്തേണ്ടതാണെന്നും അറിയിച്ചു.

4. പെർഫോർമൻസ് ഓഡിറ്റ് വിഭാഗം നിലവിലുള്ള സംവിധാനപ്രകാരം തന്നെ പ്രവർത്തിക്കേണ്ടതും അതോടൊപ്പം സെക്രട്ടേറിയറ്റ് എൽ.എസ്.ജി.ഡി യിലെ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റിന്റെ നിയന്ത്രണത്തിൽ തന്നെയാകേണ്ടതുമാണ്.

5. പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളിൽ ഉള്ളതിനേക്കാൾ സാമ്പത്തിക ഇടപാട് നടക്കുന്നത് എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിലാണെന്നും അതിനാൽ ഫിനാൻഷ്യൽ അസിസ്റ്റന്റിന്റെ തസ്തികകൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ സൃഷ്ടിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

## 23. ടൗൺ പ്ലാനിംഗ് സ്റ്റാഫ് അസോസിയേഷൻ

1. നിലവിലെ ജീവനക്കാർക്ക് ഗുണം വരുന്ന രീതിയിൽ സ്പെഷ്യൽ റൂൾ പുതുക്കേണ്ടതുണ്ടെന്നും നേരിട്ടുള്ള നിയമനം Assistant Town Planner തസ്തികയിലേക്ക് മാത്രം പരിമിതപ്പെടുത്തുകയും, Deputy Town Planner തസ്തികയിലേക്കുള്ള നിയമനം Asst. Town Planner തസ്തികയിൽ നിന്നുള്ള promotion മുഖേന ആക്കേണ്ടതുമാണെന്ന് അറിയിച്ചു.

2. ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലല്ലാതെ പ്രൊബേഷൻ പൂർത്തിയാക്കിയ എല്ലാ ഡെപ്യൂട്ടി ടൗൺ പ്ലാനർമാർക്കും സ്ഥാനക്കയറ്റം നൽകുന്നതിന് പരിഗണിക്കേണ്ടതാണ്.

3. Town/Country planning വിംഗിലെ ഉന്നത തസ്തികകൾക്ക് അഡിഷണൽ യോഗ്യത നിശ്ചയിച്ചിരിക്കുന്നത് നിലവിലെ ഒരു വിഭാഗം ജീവനക്കാരുടെ promotion സാധ്യതകളെ ബാധിക്കുമെന്നതിനാൽ അഡിഷണൽ യോഗ്യത വേണ്ടെന്നുവെയ്ക്കേണ്ടതാണ്.

4. Asst. Town Planner മാർക്ക് ആകെ തസ്തികയുടെ 10% by transfer മുഖേന നിയമനം നൽകിയാൽ അത് Draftsman Ist grade ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്നതാണ്.

5. Town & Country Planning/Urban planning/Regional Planning/City Planning/Transportation Planning/Housing Planning/ Environmental Planning or Equivalent എന്നീ തസ്തികയിലെ യോഗ്യത Post graduation ആക്കാവുന്നതാണ്.

6. Draftsman Ist grade തസ്തികയും Town planning Surveyor തസ്തികയും ഒരുമിച്ച് ചേർത്തതിനാൽ പേജ് നം.25 ലെ നോട്ട് നം.3 പ്രസക്തിയില്ലാത്തതും അത് ഒഴിവാക്കേണ്ടതും, നിലവിലെ ജീവനക്കാർക്ക് ഗുണകരമാകുന്ന വിധത്തിൽ ഓരോ തസ്തികയിലും വേണ്ട പ്രവർത്തി പരിചയത്തിൽ ഇളവ് വരുത്തേണ്ടതാണ്.

7. Deputy Town Planner (by promotion) തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യതയായ Degree in Civil Engineering/Architecture or Physical Planning എന്നതിനോടൊപ്പം Equivalent എന്ന വിഭാഗം കൂടി ഉൾപ്പെടുത്തേണ്ടതാണ്.

8. Group IV test എന്നത് Account Test (Lower/Higher) ആണൊ Account Test (for Executive Officers) ആണൊ എന്ന് വ്യക്തമാക്കേണ്ടതാണ്.

9. പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കുന്നതിനും മറ്റ് ഉദ്യോഗസ്ഥരുടെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

10. Category 3 (Additional director) തസ്തിക Category 4, Category 5 തസ്തികയുടെ promotion തസ്തികയാക്കാവുന്നതാണ്.

11. Group IV officers നെ ഉൾപ്പെടുത്തികൊണ്ടുള്ള എൽ.എസ്.ജി.ഡി വിംഗ് രൂപീകരിക്കേണ്ടതും അതേ സ്പെഷ്യൽ റൂൾ ഈ വിഭാഗം ജീവനക്കാർക്ക് ബാധകമാക്കേണ്ടതും അതൊടൊപ്പം District chief co-ordinating officer മാരുടെ നിയമനം Group IV officersന്റെ select list നിന്നും പരിഗണിക്കേണ്ടതുമാണ്.

12. Lecturer Grade in Urban Planning and Lecturer Grade I in Regional Planning തസ്തികയിലെ ജീവനക്കാരെ കൂടി Spatial Planning aspects ന്റെ Training ൽ ഉൾപ്പെടുത്തേണ്ടതാണ്.

## 24. എൽ.എസ്.ജി.ഡി ഗ്രാഡ്യുവേറ്റ് എഞ്ചിനീയേഴ്സ് അസോസിയേഷൻ

1. കാറ്റഗറി (1) നും (2) നുമിടയിൽ ഡയറക്ടർ ടെക്നിക്കൽ (TD) എന്ന ഒരു പോസ്റ്റ് പുതുതായി ഉൾപ്പെടുത്തേണ്ടതും ചീഫ് എഞ്ചിനീയർമാരിൽ ഏറ്റവും സീനിയറായ വ്യക്തിയെ ഈ പോസ്റ്റിൽ നിയമിക്കാവുന്നതുമാണ്.

2. ഇറിഗേഷൻ വകുപ്പിന്റെ സ്പെഷ്യൽ റൂളാണ് ഏറ്റവും മെച്ചമായിട്ടുള്ളതെന്നും അതിനാൽ അതേ സ്പെഷ്യൽ റൂൾ തന്നെ തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിലും നടപ്പിലേക്കേണ്ടതാണ്. കരട് സ്പെഷ്യൽ റൂളിലെ ഗ്രൂപ്പ് 2 Environment Manager, Deputy Environment Manager, Asst. Environment Manager, Clean City Manager എന്നീ തസ്തികയിലേക്ക് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരിൽ

Environment Engineering ൽ Post Graduation ഉള്ളവരുടെ ഓപ്ഷൻ കൂടി പരിഗണിക്കേണ്ടതും അവർക്ക് ഉചിതമായ സ്ലോട്ട് തീരുമാനിക്കേണ്ടതുമാണ്.

3. ഗ്രൂപ്പ് -3(a) സിവിൽ വിംഗ് എന്ന ഖണ്ഡികയിൽ താഴെ പറയുന്ന ഖണ്ഡികകൾ കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

A non-graduate Asst: Engineer while holding the post of Asst: Engineer acquires a Degree or any other qualification recognized by the government as equivalent there to, shall be treated as junior most graduate Asst. Engineer as on the date of option submitted to Chief Engineer/head of department with in six months of acquiring the Degree for the purpose of Promotion, provided that it will be left to the option of such person to continue either in the Graduate or in the non graduate list.

Senior most degree holder in the direct recruitment category shall not be superseded by juniors from the promotion category.

4. Appointment by Direct Recruitment and by transfer എന്നത് Direct Recruitment and by promotee എന്ന് തിരുത്തേണ്ടതാണ്.

5. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ രണ്ടു രീതിയിലുള്ള നിയമനം പാടില്ലാത്തതാണെന്നും അതിനാൽ ടി തസ്തികയിലേക്കുള്ള നിയമനത്തിൽ ഒരു നിയമം തയ്യാറാക്കി പുതിയ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ഡിഗ്രി, ഡിപ്ലോമ റേഷ്യോയിലെ അപാകത പരിഹരിക്കേണ്ടതാണ്.

6. മറ്റ് വകുപ്പുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണുമായി താരതമ്യം നടത്തി എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിനുള്ള പോസ്റ്റുകൾ സാംഗ്ഷൻ ചെയ്ത് സ്റ്റാഫിനെ ഓരോ തട്ടിലും വിന്യസിക്കേണ്ടതാണ്.

7. സർക്കാർ അംഗീകരിച്ചിട്ടുള്ള സെൻ കമ്മിറ്റി റിപ്പോർട്ടിൻ പ്രകാരമുള്ള തസ്തികകൾ അനുവദിക്കേണ്ടതാണ്.

## 25. <u>ടൗൺ പ്ലാനിംഗ് ഗ്രാഡ്യുവേറ്റ് പ്ലാനേഴ്സ് അസോസിയേഷൻ</u>

ടൗൺ പ്ലാനിംഗ് സ്റ്റാഫ് അസോസിയേഷൻ ഉന്നയിച്ചിട്ടുള്ള അതേ ആവശ്യങ്ങൾ തന്നെയാണ് ടി അസോസിയേഷനും ആവശ്യപ്പെട്ടിട്ടുള്ളത് അതോടൊപ്പം അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ അധിക സേവന യോഗ്യത നേടിയിട്ടുള്ളതിനാൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ വീണ്ടും അധിക സേവന യോഗ്യത ഒഴിവാക്കേണ്ടതും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തിക മുതൽ പ്ലാനിംഗിലെയും നോൺ പ്ലാനിംഗിലെയും ജീവനക്കാരെ തുല്യരായി കണക്കാക്കേണ്ടതാണ്.

## 26. <u>എൽ.എസ്.ജി.ഡി എഞ്ചിനീയേഴ്സ് അസോസിയേഷൻ</u>

ഏകീകൃത പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള കരട് സ്പെഷ്യൽ റൂൾ നടപ്പിലാക്കരുതെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

### 27. LSGD EW AEs Federation (LEAF)

1) ഗ്രൂപ്പ് V- ട്രെയിനിംഗ് വിംഗിൽ 'Lecturer in Rural Engineering' എന്ന തസ്തികയിലേയ്ക്കുള്ള നിയമനം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട പി.എസ്.സി. മുഖേനയുള്ള തെരഞ്ഞെടുപ്പ് ഒഴിവാക്കി വകുപ്പുതലത്തിൽ തന്നെ നടത്തണമെന്നും ആവശ്യപ്പെട്ടു.
2) ഗ്രൂപ്പ് V ന്റെ നിയമനരീതിയുമായി ബന്ധപ്പെട്ട് 'ബൈ ട്രാൻസ്ഫർ' എന്ന പദത്തിന് വ്യക്തത വരുത്തണം.
3) നിലവിൽ നഗരസഭകളിൽ പെർമിറ്റ് സംബന്ധമായ ഫയലുകൾ കൈകാര്യം ചെയ്യുന്ന രീതിയിൽ ബ്ലോക്ക്, ജില്ലാ, മേഖല, സംസ്ഥാന അടിസ്ഥാനത്തിൽ AEE, EE, SE, CE മാരെ ഉൾക്കൊള്ളിച്ച് സിവിൽ വിംഗിനു കീഴിൽ 'Building Rule Enforcement Group എന്ന സബ് ഗ്രൂപ്പ് ഉണ്ടാക്കണം.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി ആവശ്യങ്ങൾ ഈ സംഘടന സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുണ്ട്. അവ സ്പെഷ്യൽ റൂൾ പുന:പരിശോധന സമയത്ത് വിശദമായി പരിശോധിക്കാവുന്നതാണ്.

### 28. Federation of Engineering Employees in Local Administration (FEELA)

1) ഗ്രൂപ്പ് I കാറ്റഗറി രണ്ടിൽ ഒരു ഡയറക്ടർ (ടെക്നിക്കൽ) തസ്തിക കൂടി ഉൾപ്പെടുത്തണമെന്നും, ആ തസ്തിക തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉള്ള കെ.എസ്.ആർ.ഡി.എ/തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർമാരുടെ പ്രൊമോഷൻ തസ്തികയായി മാറ്റേണ്ടതാണെന്നും ആവശ്യപ്പെട്ടിരിക്കുന്നു.
2) എൽ.എസ്.ജി.ഡി മാനുവൽ തയ്യാറാക്കുക.
3) ഓവർസിയർമാരുടെ പ്രൊമോഷൻ റേഷ്യോ 7:3 ആക്കുക.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി ആവശ്യങ്ങൾ ഈ സംഘടന സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുണ്ട്. അവ സ്പെഷ്യൽ റൂൾ പുന:പരിശോധന സമയത്ത് വിശദമായി പരിശോധിക്കാവുന്നതാണ്.

### 29. Kerala Engineering Staff Association

1) ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയറുടെ പ്രൊമോഷൻ റേഷ്യോ 7:3 ആക്കുക.
2) രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയറുടെ പ്രൊമോഷൻ റേഷ്യോ 1:1 എന്നത് മാറ്റി മുഴുവനും മൂന്നാം ഗ്രേഡ് ഓവർസിയർമാരിൽ നിന്നു പ്രൊമോഷൻ മുഖേന നിയമിക്കുക.
3) എക്സിക്യൂട്ടീവ് എഞ്ചിനീയർ- കാറ്റഗറി 4-ൽ നിന്നും പ്രൊമോഷൻ ആയതിന്റെ വിശദാംശങ്ങൾ പ്രതിപാദിക്കുന്നില്ല. ആകെ തസ്തികയുടെ 95% ഡിഗ്രി യോഗ്യതയുള്ളവർക്കും 5% ഡിപ്ലോമ യോഗ്യതയുള്ളവർക്കും നീക്കി വയ്ക്കുക.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി ആവശ്യങ്ങൾ ഈ സംഘടന സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുണ്ട്. അവ സ്പെഷ്യൽ റൂൾ പുന:പരിശോധന സമയത്ത് വിശദമായി പരിശോധിക്കാവുന്നതാണ്.

30. **തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു)**

1) തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വകുപ്പിലെ ഗ്രൂപ്പ് III-ലെ സബ് ഗ്രൂപ്പ് (2)-ൽ ഉൾപ്പെടുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ കെ.എസ്.ഇ.ബി.യിൽ മാറ്റം വരുത്തുന്ന അതേ രീതിയിൽ മാറ്റം വരുത്തേണ്ടതാണ്.
2) മോട്ടോർ മെക്കാനിക് ഗ്രേഡ് II എന്നത് മീറ്റർ മെക്കാനിക് ഗ്രേഡ് II ആയി പുനർനാമകരണം ചെയ്യണം.
3) ലൈൻമാൻ ഗ്രേഡ് Iൽ നിന്നും ഓവർസിയർ വരെയുള്ള പ്രൊമോഷൻ റേഷ്യോ 40:60 ആക്കണം (40% from qualified hands and 60% from unqualified hands).

മേൽപ്പറഞ്ഞവ കൂടാതെ നിരവധി ആവശ്യങ്ങൾ ഈ സംഘടന സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുണ്ട്. അവ സ്പെഷ്യൽ റൂൾ പുന:പരിശോധന സമയത്ത് വിശദമായി പരിശോധിക്കാവുന്നതാണ്.

31. **തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി എംപ്ലോയീസ് യൂണിയൻ (INTUC)**

1) തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന് ബാധകമായ GO (Ms) No.12/70/BD dated 19/01/1970 പ്രകാരമുള്ള ഉത്തരവിന് തുടർന്നും പ്രാബല്യം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു.
2) തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തെ സർക്കാരിന്റെ പ്രത്യേക വിഭാഗം/ സെക്ഷനായി തന്നെ നിലനിർത്തുക.
3) കെ.എസ്.ഇ.ബി-യിൽ നടപ്പിലാക്കി വരുന്ന സേവന വേതന വ്യവസ്ഥ തന്നെ തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിനും നിലനിർത്തുക.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി ആവശ്യങ്ങൾ ഈ സംഘടന സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുണ്ട്. അവ സ്പെഷ്യൽ റൂൾ പുന:പരിശോധന സമയത്ത് വിശദമായി പരിശോധിക്കാവുന്നതാണ്.

32. **തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ (എ.ഐ.ടി.യു.സി.)**

ഏകീകൃത സർവ്വീസിൽ ഉൾപ്പെടുത്തുമ്പോൾ നിലവിലുള്ള സ്റ്റാഫ് പാറ്റേണും, സേവന വേതന വ്യവസ്ഥകളും അതേ പ്രകാരംതന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടു.

33. **കേരള റൂറൽ ഡെവലപ്മെന്റ് എംപ്ലോയീസ് ഓർഗനൈസേഷൻ**

ഗ്രാമവികസന വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തിക ജൂനിയർ സൂപ്രണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ് എന്ന് പുനർനാമകരണം ചെയ്ത് ഗ്രൂപ്പ് 1 കാറ്റഗറി 2-ൽ ഉൾപ്പെടുത്തുക, അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് കാറ്റഗറി 17 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികകളുടെ ഫീഡർ കാറ്റഗറിയാക്കുക, അക്കൗണ്ട് ടെസ്റ്റ് ലോവർ & ഹയർ പാസ്സായവർ എഴുതേണ്ട ടെസ്റ്റുകൾ സംബന്ധിച്ച വ്യക്തത വരുത്തുക, പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുള്ള test exemption ഉൾപ്പെടുത്തുക, common category തസ്തികകൾ പുനർനാമകരണം ചെയ്യാതിരിക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു. വിശദമായി ശിപാർശ എഴുതി സമർപ്പിച്ചിട്ടുണ്ട്.

### 34. റൂറൽ ഡെവലപ്മെന്റ് ഓഫീസേഴ്സ് അസോസിയേഷൻ (RDOA)

Date of advise-നോടൊപ്പം പ്രീ-സർവ്വീസ് ട്രെയിനിംഗ് പാസ്സായ തീയതിയും കണക്കാക്കി സീനിയോറിറ്റി നിശ്ചയിക്കുന്നതിലെ അപാകതകൾ പരിഹരിക്കണം, പ്രീ-സർവ്വീസ് പരിശീലന കാലയളവ് കണക്കിലെടുത്ത് അനുവദിച്ച നൽകിയ ഇൻക്രിമെന്റ്, പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ റഗുലറൈസ് ചെയ്യുക, ജോയിന്റ് ബി.ഡി.ഒ.മാരുടെ പ്രൊമോഷന് ബിരുദ യോഗ്യത വേണമെന്നുള്ള വ്യവസ്ഥ മാറ്റുക, ട്രെയിനിംഗ് വിഭാഗം ശക്തിപ്പെടുത്തുക, ലക്ചറർ തസ്തികയിലേക്കുള്ള ഡെപ്യൂട്ടേഷൻ നിയമനം അവസാനിപ്പിക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു. (വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ട്)

### 35. കേരള സ്റ്റേറ്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസേഴ്സ് അസോസിയേഷൻ

1. കാറ്റഗറി 12-ൽ ഉൾപ്പെടുത്തേണ്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തിക കരട് ചട്ടത്തിൽ കാറ്റഗറി 17-ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
2. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തിക പഞ്ചായത്ത് സെക്രട്ടറി തസ്തികയ്ക്ക് മുകളിലും ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയ്ക്ക് താഴെയുമായി നിലനിർത്തേണ്ടതാണ്.
3. ഫീഡർ തസ്തികയിലെ എണ്ണത്തിന് ആനുപാതികമായി റേഷ്യോ നിശ്ചയിച്ചിരിക്കുന്നതിലൂടെ ബ്ലോക്ക് പഞ്ചായത്ത സെക്രട്ടറിമാരുടെ പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെട്ടു.

മേൽ ആവശ്യങ്ങൾ ന്യായീകരിക്കുന്നതിനുള്ള വിശദമായ ശിപാർശയും സമർപ്പിച്ചിട്ടുണ്ട്.

### 36. All Kerala Lady Village Extension Officers Association

1. VEO/LVEO-മാരുടെ സംയോജനത്തിന് ഡേറ്റ് ഓഫ് അഡ്വൈസ് സീനിയോറിറ്റിയാക്കി പുന: ക്രമീകരിച്ച് സ്പെഷ്യൽ റൂൾ പുനക്രമീകരിക്കണം.
2. ബി.ഡി.ഒ തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ നിയമനം ഒഴിവാക്കണം.

മേൽപറഞ്ഞവ കൂടാതെ നിരവധി ആവശ്യങ്ങൾ ഈ സംഘടന സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുണ്ട്. അവ സ്പെഷ്യൽ റൂൾ പുന:പരിശോധിക്കുന്ന സമയത്ത് വിശദമായി പരിശോധിക്കുന്നതാണ്.

## 37. കേരള പഞ്ചായത്ത് എംപ്ലോയീസ് ഫെഡറേഷൻ

**സ്റ്റേറ്റ് റൂൾസ്**

വകുപ്പുതല ഏകീകരണം ഇപ്പോൾ ഉദ്യോഗസ്ഥ ഏകീകരണം മാത്രമായി ചുരുങ്ങി ജനകീയ സേവന സംവിധാനത്തിന് ഗുണകരമാകുന്ന ഫംക്ഷനുകളുടെ രൂപപ്പെടൽ രണ്ടാംഘട്ടത്തിൽ പരിഗണിക്കാമെന്ന ആശയം അടിത്തറയില്ലാത്ത ഭവനനിർമ്മാണം പോലെയാണ്. സീനിയോറിറ്റിയുമായി ബന്ധപ്പെട്ട നിർദ്ദേശം പരിഗണിച്ചിട്ടില്ല.

1. (a) സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്ന ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക തരംതാഴ്ത്തി അസിസ്റ്റന്റ് ഡയറക്ടർ ആന്റ് കോ-ഓർഡിനേറ്റിംഗ് ഓഫീസർ തസ്തികയാക്കി. അൻപതിലധികം പേർക്ക് പ്രൊമോഷൻ ലഭിച്ചതിനുശേഷമേ ഈ തസ്തികയ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ എത്താൻ കഴിയൂ. ചുമതലകളുടെ ബാഹുല്യം കണക്കിലെടുത്ത് ടി തസ്തിക ജോയിന്റ് ഡയറക്ടർ തസ്തികയായി ഉയർത്തണമെന്ന ആവശ്യം നിലനിൽക്കേയാണ് ഈ തരംതാഴ്ത്തൽ.

   (b) ഡെപ്യൂട്ടി ഡയറക്ടർ തസ്തിക കാറ്റഗറി 7-ൽ ഉൾപ്പെടുത്തണം.

2. കാറ്റഗറി 9-ലെ ഫീഡർ കാറ്റഗറിയിൽ മൂന്നാംഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാർ പൂർണ്ണമായും പ്രൊമോഷൻ ലഭിച്ചശേഷം മാത്രമേ പഞ്ചായത്ത് സെക്രട്ടറിക്ക് പ്രൊമോഷൻ ലഭിക്കുകയുള്ളൂ. ആകെ തസ്തികയുടെ മൂന്നിലൊന്ന് ആദ്യംതന്നെ പ്രൊമോഷനായി മാറ്റിവയ്ക്കുക. 53 മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറി തസ്തികയുണ്ട്. 1:0:0:0:0:0 എന്ന റേഷ്യോ ഈ തസ്തികയ്ക്ക് അനുവദിച്ചു. ഇതേ കാറ്റഗറിയിൽ വീണ്ടും റേഷ്യോ 8:2 നിശ്ചയിച്ചിരിക്കുന്നു. ഇത് സീനിയോറിറ്റി തർക്കത്തിനിടയാക്കും. തസ്തിക സമാനമാക്കി ഉയർത്തി ഏകീകരിച്ച റേഷ്യോ പരിഗണിക്കണം.

3. കാറ്റഗറി 9-ലെ ഫീഡർ കാറ്റഗറിയിൽ മുനിസിപ്പൽ സെക്രട്ടറിമാർക്ക് നൽകിയ അതേ പ്രാധാന്യം കാറ്റഗറി 7-ലും 8-ലും കൂടി ചേർത്തിരിക്കുന്നു. പഞ്ചായത്ത് ജീവനക്കാർക്കും ഉയർന്ന തസ്തികയിൽ എത്തുന്നതിന് ആനുപാതിക പരിഗണന നൽകണം.

4. അസി.ഡയറക്ടർ അടക്കമുള്ള ഉയർന്ന തസ്തികയ്ക്ക് വിദ്യാഭ്യാസ യോഗ്യത S.S.L.C എന്നു സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ഡവ.അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത പ്ലസ് ടു. എല്ലാ ഉയർന്ന തസ്തികകളുടേയും യോഗ്യത സമാനമാക്കുക. നിലവിലുള്ള ജീവനക്കാർക്ക് ഇളവ് നൽകുക.

5. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ എന്ന തസ്തിക കാറ്റഗറി 7-ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തസ്തിക ഉയർത്തി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് തുല്യമാക്കണം. കാറ്റഗറി 13-ൽ ഉൾപ്പെടുത്തണം. സീനിയറായ ഉദ്യോഗസ്ഥരെ ജൂനിയറായവർ സൂപ്പർവൈസ് ചെയ്യുന്നതിന് അനുവദിക്കുന്ന നിലവിലെ രീതി മാറ്റണം.
6. ഗ്രൂപ്പ് 1-ലെ കാറ്റഗറി 13-ൽ ഉൾപ്പെട്ട ഹയർഗ്രേഡ് തസ്തികകൾ ഇന്റർചെയ്ഞ്ചബിൾ ആണെന്ന് ചട്ടം 5(8)-ൽ പറയുന്നു. എന്നാൽ ഗ്രൂപ്പ് 1-ലെ കാറ്റഗറി 17-ലെ സമാനമായ ഹയർഗ്രേഡ് അല്ലാത്ത തസ്തികകൾ ഇന്റർചെയ്ഞ്ചബിൾ അല്ല. ഇത് വകുപ്പുതല സംയോജനത്തിന് എതിരാണ്.
7. സംസ്ഥാനതല, ജില്ലാതല, മേഖലാതല തസ്തിക ഏതൊക്കെയെന്ന് വ്യക്തമാക്കണം.
8. പെർഫോമൻസ് ഓഡിറ്റ് എന്ന വിഭാഗത്തെ പെർഫോമൻസ് ഓഡിറ്റ് & മോണിറ്ററിംഗ് ഓഫീസാക്കണം.
9. റേഷ്യോ പറയുന്ന സ്ഥലങ്ങളിൽ ഒരേ വകുപ്പിലെ സമാന തസ്തികകൾ പറയുന്നുണ്ട്. ഒരേ വകുപ്പിലെ തസ്തികകളിൽ ഓരോന്നിനും റേഷ്യോ നൽകുന്നത് ശരിയായ ക്രമീകരണമാണോയെന്ന് പരിശോധിക്കണം.
10. ചട്ടം 4 ഘടന പരിഷ്കരിക്കണം. ഇതിൽ CRD എന്നത് Director Administration LSGD എന്നാക്കിയത് Director, Development എന്നാക്കണം.
11. ജോയിന്റ് ഡയറക്ടർ & സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ പഞ്ചായത്ത് വകുപ്പ് ജീവനക്കാർ വരുന്നില്ല എന്നത് അനോമലിയാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക DDC-യ്ക്ക് തുല്യമാക്കി പ്രശ്നം പരിഹരിക്കണം.
12. റേഷ്യോ കണക്കാക്കിയതിന്റെ ഫോർമുലയും കണക്കും ബന്ധപ്പെട്ട തസ്തികകളുടെ എണ്ണവും പ്രസിദ്ധീകരിക്കണം.
13. ഉയർന്ന തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം അവസാനിപ്പിക്കണം.

**സബോർഡിനേറ്റ് റൂൾസ്**

1. കണ്ടിജന്റ് ജീവനക്കാർക്ക് സബോർഡിനേറ്റ് റൂൾസിൽ നിർദ്ദേശിച്ചിട്ടുള്ള റേഷ്യോ (9:1) പുനഃപരിശോധിച്ച് കൂടുതൽ പ്രൊമോഷൻ സാധ്യത ലഭിക്കുന്ന രീതിയിൽ പരിഗണിക്കണം.
2. ഗ്രൂപ്പ് 1-ലെ കാറ്റഗറി 31-ലേയ്ക്ക് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് വ്യക്തമായ നിർദ്ദേശം വേണം.

3. Attendant/Caretaker/Watchman/Chainman/Night Watchman/Helper തുടങ്ങിയ തസ്തികകളിലേയ്ക്ക് കണ്ടിജന്റ് ജീവനക്കാർക്ക് ബൈട്രാൻസ്ഫർ നൽകുന്നതിന് 4 വർഷത്തെ സർവ്വീസ് വേണമെന്നത് 3 വർഷം ആക്കണം.

4. അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ ഗ്രേഡ് ഉയർത്തി അഡീ.സെക്രട്ടറി എന്ന രീതിയിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയുടെ പ്രൊമോഷൻ തസ്തിക ആക്കണം. ഇതിൽ നേരിട്ട് നിയമനം നടത്തരുത്.

5. സബോർഡിനേറ്റ് സർവ്വീസിലെ ഗ്രൂപ്പ് 2-ൽ പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാരെ നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കൊപ്പമാണ് ക്രമപ്പെടുത്തിയിട്ടുള്ളത്. ഗ്രേഡ് ഉയർത്തണം.

6. കാറ്റഗറി 7-ലെ നിർദ്ദേശം പോലെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിലനിൽക്കുന്ന വി.ഇ.ഒ.മാരെ അക്കൗണ്ടന്റ്-ഹെഡ് ക്ലാർക്ക് സമാന മിനിസ്റ്റീരിയൽ തസ്തികകളിലേക്ക് മാറ്റേണ്ടതില്ല.

7. ജനറൽ വിംഗിലെ കാറ്റഗറി 13-ലെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് 14:21-ൽ യോഗ്യരായവർ ഇല്ലായെങ്കിൽ താഴെ തട്ടിലെ എല്ലാ ജീവനക്കാരെയും യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കണം.

8. ബിൽ കളക്ടർമാരുടെ ജോലിസ്വഭാവം മാറുന്നില്ലായെങ്കിൽ പഞ്ചായത്തിലെ ജീവനക്കാരെ ടി തസ്തികയിലേയ്ക്ക് സ്ഥലംമാറ്റുമ്പോൾ നിർബന്ധമായും ഓപ്ഷൻ ചോദിക്കണം.

9. O.A. തസ്തികയ്ക്ക് നിലവിലുള്ള 10% പ്രൊമോഷൻ നൽകുന്നത് 25% ആക്കണം.

10. സീനിയോറിറ്റി നിശ്ചയിക്കുന്ന ചട്ടത്തിൽ അവ്യക്തതയുണ്ട്.

11. കാറ്റഗറി 14-ന്റെ പ്രൊമോഷനിൽ കാറ്റഗറി 15, 19 എന്നിവയിൽ നിന്ന് 5:1 റേഷ്യോയിൽ പറഞ്ഞിരിക്കുന്നു. റേഷ്യോ കണക്കാക്കിയ മാനദണ്ഡം വ്യക്തമല്ല. തസ്തികകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ കണക്കാക്കണം.

12. O.A.മാരുടെ പ്രൊബേഷൻ 2 വർഷം എന്ന് ഒരു വർഷമാക്കണം.

13. പ്രീസരവ്വീസ് പരിശീലനത്തിന് KILA-യെ ചുമതലപ്പെടുത്തിയത് ശരിയല്ല.

14. സമാന തസ്തിക ഏകീകരണം എന്നാൽ സമാന ഫങ്ക്ഷണൽ സ്വഭാവമില്ലാത്തവ ഏകീകരിക്കരുത്.

15. പ്രൊമോഷന് യഥാർത്ഥ റേഷ്യോയോടൊപ്പം turn കൂടി നിർണ്ണയിക്കണം.

16. പുനർവിന്യാസ തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൃഷ്ടിച്ച് മാതൃവകുപ്പിൽ ക്ലാർക്ക് തസ്തിക ഒഴിവു വരുമ്പോൾ ഒഴിവാക്കുകയും ചെയ്യുക.

ഇപ്പോൾ നിലവിലുള്ള ജീവനക്കാർ മറ്റു വകുപ്പുകളുടെ വകുപ്പുതല പരീക്ഷകൾ കൂടി പാസാകേണ്ട അവസ്ഥ വന്നിട്ടുണ്ട്. നിലവിൽ വകുപ്പുതല പരീക്ഷ പാസായിട്ടില്ലാത്തവർക്ക് പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ്, മുനിസിപ്പൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാൻ അവസരം നൽകണം.

## 38. കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ

1) അക്കൗണ്ടന്റ് തസ്തിക പഞ്ചായത്ത് വകുപ്പിന്റെ നിലവിലെ വിശേഷാൽ ചട്ടത്തിൽ ഹെഡ് ക്ലാർക്കിന്റെ സമാന കാറ്റഗറിയിൽ ഉൾപ്പെടുത്തി ചട്ടഭേദഗതി വരുത്തുകയോ അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുക.
2) വില്ലേജ് എക്സ്റ്റൻഷൻ ഗ്രേഡ് 1-ലെ ഒഴിവുകൾ കാറ്റഗറി 21-ലെ എല്ലാ വിഭാഗത്തിനും അനുവദിക്കുന്ന തരത്തിൽ ഭേദഗതി വരുത്തണം.
3) കാറ്റഗറി 2-ലും 7-ലും ഉള്ള യോഗ്യരായ ജീവനക്കാർക്ക് കാറ്റഗറി 13 ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനുള്ള അവസരം നൽകുന്ന രീതിയിൽ മാറ്റം വരുത്തണം.
4) എല്ലാ പഞ്ചായത്തിലും HI/JHI തസ്തിക സൃഷ്ടിക്കണമെന്ന 2012-ലെ കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇത് നടപ്പാക്കണം.
5) വിവിധ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ലെക്ചറർ പോസ്റ്റുകൾക്ക് വിവിധ വകുപ്പുകളിൽ യോഗ്യരായവരിൽ നിന്ന് സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമനം നടത്തണം.
6) കാറ്റഗറി 31- ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ 2 വർഷം എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ടി റൂളിൽ ഒരു വർഷമാണ്. ആയത് പരിഹരിക്കണം.
7) ഒന്നാം ഗ്രേഡ് വി.ഇ.ഒ -മാർക്ക് സീനിയർ അസിസ്റ്റന്റ് മുകളിൽ എന്നതും, രണ്ടാം ഗ്രേഡ് ജൂനിയർ അസിസ്റ്റന്റ് മുകളിൽ നിയമനമെന്നതും മാറ്റി യഥാക്രമം ന്യായമായ റേഷ്യോയും ടേണും നിശ്ചയിച്ച് നൽകണം.
8) കാറ്റഗറി 3 - അഡീഷണൽ ഡയറക്ടർ റേഷ്യോ 5:5:4 എന്ന് പുന:ക്രമീകരിക്കണം.
9) കരട് ചട്ടം നടപ്പിലാക്കുമ്പോൾ ഗ്രാമവികസന - നഗരകാര്യ വകുപ്പിലുള്ളവർ മാത്രമേ സംസ്ഥാന തലത്തിൽ ജോയിന്റ് ഡയറക്ടർമാരാവുന്നതിന് അവസരമുള്ളൂ. പഞ്ചായത്ത് വകുപ്പിലെ ഡി.ഡി.പി-മാർ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എത്തിച്ചേരുന്നത് തടയപ്പെടും.

10) പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തിക സെക്രട്ടറി തസ്തികയുടെ പ്രൊമോഷൻ തസ്തികയായി ഉയർത്തണം.

11) കാറ്റഗറി 9-ൽ എ.ഡി.സി-മാർക്കും രണ്ടാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാർക്കും തുല്യരായി എ.ഡി.പി-മാരെ പരിഗണിച്ച ഉയർന്ന തസ്തികയിലേക്കുള്ള പ്രൊമോഷൻ അർഹമായ റേഷ്യോ നിശ്ചയിക്കണം.

12) കാറ്റഗറി 12 -ജില്ലാ എംപവർമെന്റ് ആഫീസർ എന്ന തസ്തികയ്ക്ക് ഇന്ന് ഒരു പ്രസക്തിയുമില്ല.

13) നിലവിലുള്ള വകുപ്പുകളിൽ ജീവനക്കാർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സായിട്ടുള്ളവരായതിനാൽ മറ്റ് വകുപ്പുകളിലെ ടെസ്റ്റുകൾ നിർബന്ധമാക്കേണ്ടതില്ല.

14) കാറ്റഗറി 17- ആയ ആദ്യ ഗസറ്റഡ് തസ്തികയിലേക്ക് ഉള്ള പ്രൊമോഷൻ ഫീഡർ കാറ്റഗറിയിലെ എണ്ണം പരിഗണിച്ച് മാത്രം റേഷ്യേ നിശ്ചയിക്കണം.

15) പി.എഫ്. അക്കൗണ്ട് ഓഫീസർ തസ്തിക എ.ഡി.പി തസ്തികയ്ക്ക് സമാനമായി കണക്കാക്കി കേഡർ സ്ട്രെങ്ങ്ത്തിൽ ഉൾപ്പെടുത്തണം.

## 39. LSGD Engineering Wing Ministerial Staff Association

1) യു.ഡി.റ്റി-യിൽ നിന്നും സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേക്കും അതിൽ നിന്നും സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേക്കും 20-ൽ 4 എന്ന കൃത്യമായ അനുപാതം നിലനിർത്തണം.

2) ക്ലർക്കുമാർക്ക് ആനുപാതികമായ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തിക അനുവദിച്ച തരണം.

## 40. കേരള ഗവണ്മെന്റ് ക്ലാസ് ഫോർ എംപ്ലോയീസ് യൂണിയൻ

1. കരട് സ്പെഷ്യൽ റൂളായി പ്രസിദ്ധപ്പെടുത്തിയ ഉത്തരവിൽ പ്രൊമോഷനായി ജീവനക്കാരെ പരിഗണിക്കുന്നത് അവരുടെ ഉയർന്ന ഗ്രേഡിൽ നിന്നാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ 2:1 എന്ന ക്രമത്തിലാണ്. എന്നാൽ പല വകുപ്പുകളിലും പ്രസ്തുത പ്രൊമോഷൻ നടപ്പാക്കിയിട്ട് വർഷങ്ങളായി. അതുകൊണ്ടുതന്നെ ഗ്രേഡ് തരംതിരിക്കുന്നത് നാളിതുവരെ നടന്നിട്ടില്ല.
2. വകുപ്പുതല പ്രൊമോഷൻ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 25% എന്ന നിലയിലേക്ക് ഉയർത്തി നൽകുവാൻ സംഘടന ആവശ്യപ്പെടുന്നു.
3. വകുപ്പുതലത്തിൽ 10% വി.ഇ.ഒ. തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിക്കാൻ സംഘടന ആവശ്യപ്പെടുന്നു.

4. വിവിധ വകുപ്പുകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി പ്രൊമോഷൻ നൽകുന്നതിനായി പുതിയ വകുപ്പ് രൂപീകരിക്കുമ്പോൾ പ്രൊമോഷൻ നൽകുന്നതിനായുള്ള റൂളിൽ ഭേദഗതി വേണമെന്നും വകുപ്പുതല പ്രൊമോഷൻ 10% അനുവദിക്കപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ നിന്ന് കണ്ടിജന്റ് ജീവനക്കാരെ ഒഴിവാക്കി സബോർഡിനേറ്റ് സർവ്വീസിൽ ഉള്ളവർക്കായി പ്രൊമോഷൻ പരിമിതപ്പെടുത്തണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

## 41. Kerala Panchayath Department Ministerial Staff Association

1) Category 17-ൽ ഭേദഗതി വരുത്തുക. നേരിട്ട് നിയമനം 10 ശതമാനമായി നിജപ്പെടുത്തുകയും അതിന്റെ പകുതി സബോർഡിനേറ്റ് സർവ്വീസിൽ നിന്ന് പി.എസ്.സി മുഖേന തസ്തികമാറ്റം വഴിയും നികത്തുക.

2) അക്കൗണ്ടന്റ് തസ്തിക പഞ്ചായത്ത് വകുപ്പിന്റെ നിലവിലെ വിശേഷാൽ ചട്ടത്തിൽ ഹെഡ്ക്ലർക്കിന്റെ സമാന കാറ്റഗറിയിൽ ഉൾപ്പെടുത്തി ചട്ടഭേദഗതി വരുത്തുകയോ അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്ത ശേഷം മാത്രം തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 ൽ ഉണ്ടാകുന്ന ഒഴിവുകൾ കാറ്റഗറി 21-ലെ എല്ലാ വിഭാഗത്തിനും അനുവദിക്കുന്ന തരത്തിൽ ഭേദഗതി വരുത്തണം.

4) കാറ്റഗറി 2-ലും 7-ലും ഉള്ള യോഗ്യരായ ജീവനക്കാർക്ക് കാറ്റഗറി 13 ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനുള്ള അവസരം നൽകേണ്ടതാണ്.

## 42. KERALA PANCHAYAT SECRETARIES ASSOCIATION

1. കാറ്റഗറി 17-ൽ 40% നേരിട്ടുള്ള നിയമനവും 60% സബോർഡിനേറ്റ് സർവ്വീസിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനവുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറി എന്നീ തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിലൂടെ ചെറുപ്പക്കാരായ നിരവധി ജീവനക്കാർ നിയമിക്കപ്പെട്ടതിനാൽ പുതിയ ചട്ടപ്രകാരം ഇനിയും നേരിട്ടുള്ള നിയമനം നടന്നാൽ കാറ്റഗറി 17-ലെ മുഴുവൻ തസ്തികകളും നേരിട്ട് നിയമിതരായവരെക്കൊണ്ട് നിറയും. സബോർഡിനേറ്റ് സർവ്വീസിലെ 15000-

ഓളം മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി ആർക്കും സ്റ്റേറ്റ് സർവ്വീസിലേയ്ക്ക് എത്തിച്ചരുവാൻ കഴിയുകയില്ല.

2. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1ൽ ഉണ്ടാകുന്ന ഒഴിവുകൾ കാറ്റഗറി 21ലെ എല്ലാ വിഭാഗത്തിനും അനുവദിക്കുന്ന തരത്തിൽ ഭേദഗതി ചെയ്യണം.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി നിർദ്ദേശങ്ങൾ ടി സംഘടന എഴുതിത്തയ്യാറാക്കി സമർപ്പിച്ച നിവേദനത്തിൽ സമർപ്പിച്ചിട്ടുണ്ട്. അവ വിശേഷാൽ ചട്ടം പുനപരിശോധിക്കുന്ന വേളയിൽ പരിശോധിക്കാവുന്നതാണ്.

## 43. KERALA GOVERNMENT DRIVERS ASSOCIATION

ഡ്രൈവർമാരുടെ നിലവിലെ വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ്സും ബാഡ്ജുമാണെന്നും ബാഡ്ജ് ലഭിക്കുന്നതിന് എസ്.എസ്.എൽ.സി വേണമെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ. സി വിജയം എന്നാക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടു.

## 44. EXTENSION TRAINING CENTRE LECTURERS ASSOCIATION

ഗ്രാമ വികസന വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തിക സംബന്ധിച്ച് എക്സ്റ്റൻഷൻ ട്രയിനിംഗ് സെന്റർ ലക്ചറേഴ്സ് അസോസിയേഷൻ താഴെപ്പറയുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ രേഖപ്പെടുത്തി.

1. Subordinate Special rule -ൽ ഉൾപ്പെടുത്തിയിരിക്കുന്ന Lecturer Grade II തസ്തികകൾ State service Special rule-ൽ ഉൾപ്പെടുത്തി Lecturer Grade1-Lecturer Grade II തസ്തികകൾ ഏകീകരിക്കണം.
2. മറ്റ് സ്ഥാപനങ്ങളിൽ ചെയ്യുന്നതു പോലെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് അക്കാദമിക് തലത്തിലുള്ളവരെ നിയമിക്കണം.
3. ഇ.റ്റി.സി-യിൽ യു.ജി.സി യോഗ്യത നടപ്പിലാക്കേണ്ടതും അതിലേയ്ക്കായി Master Degree with at least 55% marks in qualifying Examination and National Eligibility Test (NET) യോഗ്യതയാക്കേണ്ടതുമാണ്.
4. ഗ്രേഡ് 2 ലക്ചർമാർക്ക് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന ബൈട്രാൻഫർ നിയമനം എന്ന ശുപാർശ ഒഴിവാക്കേണ്ടതും 5 വർഷം സർവ്വീസ് എന്നത് 3 വർഷമായി കുറയ്ക്കേണ്ടതുമാണ്.
5. ലക്ചറർ ഗ്രേഡ് 2 ഹോം സയൻസ്, ലക്ചറർ ഗ്രേഡ് 1 ഹോം സയൻസ് എന്നീ തസ്തികകൾ വനിത ഉദ്യോഗസ്ഥർക്കു മാത്രമായി പരിമിതപ്പെടുത്തിയത് ഒഴിവാക്കേണ്ടതാണ്.
6. പരിശീലന കേന്ദ്രത്തിൽ ഉള്ള ഫാം മാനേജർ, ഫാം സൂപ്പർവൈസർ, ലൈബ്രേറിയൻ, ഫിസിക്കൽ ഇൻസ്ട്രക്ടർ, ഫാം തൊഴിലാളികൾ, അഗ്രിക്കൾച്ചർ അസിസ്റ്റന്റ്, ചീഫ് ഇൻസ്ട്രക്ടർ, ട്രയിനിംഗ് ഓഫീസർ-കാർപ്പന്റർ, ട്രയിനിംഗ് ഓഫീസർ- ബ്ളാക്സ്മിത്ത്, സ്കിൽഡ് അസിസ്റ്റന്റ് തസ്തികകൾ കരട് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടിട്ടില്ല.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി നിർദ്ദേശങ്ങൾ ടി സംഘടന എഴുതിത്തയ്യാറാക്കി സമർപ്പി: നിവേദനത്തിൽ സമർപ്പിച്ചിട്ടുണ്ട്. അവ വിശേഷാൽ ചട്ടം പുനപരിശോധിക്കുന്ന വേളയിൽ പരിശോധിക്കുന്നതാണ്.

## 45. കോഴിക്കോട് വികസന അതോറിറ്റി

പൊതു സർവ്വീസ് ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ നിർത്തലാക്കിയ വികസന അതോറിറ്റികളിലെ ജീവനക്കാരെ ഉൾപ്പെടുത്തണമെന്നാണ് ആവശ്യം.

## 46. KERALA PANCHAYAT LIBRARIANS ASSOCIATION

വിശേഷാൽ ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന തസ്തികകൾ താഴെപ്പറയുന്ന പ്രകാരം പുനർ നാമകരണം ചെയ്യണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

| നിലവിലെ പേര് | നിർദ്ദേശിക്കുന്ന പേര് |
|---|---|
| Librarian & Cultural Assistant | Library & Cultural Assistant |
| Librarian & Cultural Assistant Senior Grade | Library & Cultural Assistant Senior Grade |
| Librarian & Cultural Co-ordinator | Library & Cultural Co-ordinator |
| Librarian & Cultural Officer | Library & Cultural Officer |

1. Librarian & Cultural Assistant എൻട്രി കേഡർ തസ്തികയാണ്. ടി തസ്തികയിലേയ്ക്ക് ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദം എന്നീ യോഗ്യതയുള്ളവരെ റേഷ്യോ തിരിച്ച് നിയമിക്കണമെന്ന നിർദ്ദേശം ഒഴിവാക്കണമെന്നും നിലവിലുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ പത്താം ക്ളാസ്സും ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റും നിലനിർത്തണമെന്നും ലൈബ്രറി സയൻസിൽ ഡിഗ്രി, ഡിപ്ലോമ, പി.ജി യോഗ്യതകൾ ഉള്ളവർക്കും അപേക്ഷിക്കാമെന്ന രീതിയിൽ നിയമന യോഗ്യത നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
2. Librarian & Cultural Assistant തസ്തികയിലേയ്ക്ക് 50% ബൈട്രാൻസ്ഫർ/പ്രൊമോഷൻ നിയമനത്തിന് ടി തസ്തികയുടെ താഴെ സ്കെയിലിലുള്ള, കുറഞ്ഞത് ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് യോഗ്യതയുള്ള, എൽ.ഡി ക്ളാർക്കുമാർക്ക് ഉൾപ്പെടെ അപേക്ഷിക്കാവുന്ന രീതിയിൽ പരിഷ്കരിക്കണം.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി നിർദ്ദേശങ്ങൾ ടി സംഘടന എഴുതിത്തയ്യാറാക്കി സമർപ്പിച്ച നിവേദനത്തിൽ സമർപ്പിച്ചിട്ടുണ്ട്. അവ വിശേഷാൽ ചട്ടം പുനപരിശോധിക്കുന്ന വേളയിൽ പരിശോധിക്കാവുന്നതാണ്.

**47. കേരള പി..ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗ് എക്സിക്യൂട്ടീവ് എംപ്ലോയീസ് അസോസിയേഷൻ**

1. സ്പെഷ്യൽ റൂൾ മലയാളത്തിൽ തയ്യാറാക്കണം എന്ന് അഭിപ്രായപ്പെട്ടു.
2. രണ്ട് പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എൻജിനിയർ എന്ന കണക്കിൽ നിയമനം നടത്തണം.
3. III rd ഗ്രേഡ് ഓവർസിയർ എന്നത് പേരുമാറ്റി I st ഗ്രേഡ് സബ് എൻജിനിയർ എന്ന് നാമകരണം ചെയ്യണം.

**48. LSGD Oversear's Association**

'Director Technical' എന്ന പോസ്റ്റ് ഉൾപ്പെടുത്തണം. ഓവർസിയർമാരുടെ തസ്തിക പുനർനാമകരണം നടത്തണം. ജോലിയുടെ സ്വഭാവം അനുസരിച്ച് സബ് എൻജിനിയർ, ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിങ്ങനെ ആക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടു.

**49. കേരള ലോ സെക്രട്ടേറിയറ്റ് അസോസിയേഷൻ**

ഏകീകരണം നടപ്പിൽ വരുത്തുന്നത് നിരവധി വ്യവഹാരങ്ങൾക്കും കേസുകൾക്കും ഇടവരുത്തുമെന്ന് സംഘടന അഭിപ്രായപ്പെട്ടു. ഏകീകൃത വകുപ്പിന് കീഴിൽ LAW Wing രൂപീകരിക്കണം.

കരട് സ്പെഷ്യൽ റൂൾ മലയാളത്തിൽ തയ്യാറാക്കി നൽകണമെന്ന് നിരവധി സംഘടനകൾ ആവശ്യപ്പെട്ടു. എല്ലാ സർവ്വീസ് സംഘടനകളെയും ഒന്നിച്ചിരുത്തി കരട് സ്പെഷ്യൽ റൂൾ ചർച്ച ചെയ്യണമെന്ന് നിരവധി സംഘടനകൾ ആവശ്യപ്പെട്ടുകയുണ്ടായി.

ചർച്ചയിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് കരട് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി 08.11.2018 തീയതിയിൽ നടത്തിയ ചർച്ചയിൽ പങ്കെടുത്തവർ

1. ശ്രീ.റ്റി.കെ.ജോസ് IAS, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ.കെ.ഗോപാലകൃഷ്ണ ഭട്ട് IAS, സ്പെഷ്യൽ സെക്രട്ടറി. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
3. ശ്രീ.എൻ.പദ്മകുമാർ IAS, ഗ്രാമവികസന കമ്മീഷണർ
4. ശ്രീമതി ആർ.ഗിരിജ IAS, നഗരകാര്യ വകുപ്പ് ഡയറക്ടർ
5. ഡോ.സി.പി.വിനോദ്, ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
6. ശ്രീ.ജിജി ജോർജ്ജ്, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
7. ശ്രീ.സജികുമാർ പി.ആർ., ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ശ്രീ.എസ്.മോഹൻദാസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
9. ശ്രീമതി കെ.എ.ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
10. ശ്രീമതി സീനത്തുബീവി എസ്., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
11. ശ്രീ.ജി.വിഷ്ണുകുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ശ്രീ.പ്രമോദ് കുമാർ സി.പി., അഡീഷണൽ ചീഫ് ടൗൺ പ്ലാനർ
13. ശ്രീ.അജിത്ത് ദാസ് എ., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഗ്രാമവികസന കമ്മീഷണറേറ്റ്
14. ശ്രീ.വി.എസ്.സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്
15. ശ്രീ.രാജേഷ് പി.എൻ., സീനിയർ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം
16. ശ്രീമതി പ്രീത കെ.എസ്., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
17. ശ്രീമതി മസൂമ്മ, ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം
18. ശ്രീ.എൽ.പി.ചിത്തർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്
19. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
20. ശ്രീ.വി.എസ്.സന്തോഷ്, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
21. ശ്രീ.വി.പി.ശ്രീജിത്ത്, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
22. ശ്രീമതി എസ്.ദീപാകൃഷ്ണൻ, ലോ ഓഫീസർ, നഗരകാര്യ ഡയറക്ടറേറ്റ്
23. ശ്രീ.എം.പി.അജിത്ത് കുമാർ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ
24. ഡോ.ഉമ്മു സെൽമ സി., ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), നഗരകാര്യ ഡയറക്ടറേറ്റ്
25. ശ്രീ.ബി.കെ.ബലരാജ്, ജോയിന്റ് ഡയറക്ടർ (അർബൻ)
26. ശ്രീ.ബാലചന്ദ്രൻ നായർ പി., ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്
27. ശ്രീ.ജെ.എ.അനിൽ കുമാർ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്

28. ഡോ.എൻ.രമാകാന്തൻ, മെമ്പർ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
29. ശ്രീ.എം.വിജയകുമാരൻ നായർ, കൺസൾട്ടന്റ്, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
30. ശ്രീ.എൻ.കേശവൻ നമ്പൂതിരി, ലീഗൽ കൺസൾട്ടന്റ്, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
31. ശ്രീ.കെ.ദേവരാജൻ, കൺസൾട്ടന്റ്, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
32. ശ്രീ.ഡി.ജയകുമാർ, മുനിസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
33. ശ്രീ.രാജീവ് വി.ആർ., അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
34. ശ്രീ.ബി.കെ.ദിനേശ്കുമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
35. ശ്രീ.എ.രഘു, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഗ്രാമവികസന കമ്മീഷണറേറ്റ്
36. ശ്രീ.എ.പ്രേമകുമാർ, പെൻഷൻ ഓഫീസർ, നഗരകാര്യ ഡയറക്ടറേറ്റ്
37. ശ്രീ.എസ്.ജയകൃഷ്ണൻ, പ്രോവിഡന്റ് ഫണ്ട് ഓഫീസർ, നഗരകാര്യ വകുപ്പ്
38. ശ്രീ.വി.എസ്.മനോജ്, സീനിയർ സൂപ്രണ്ട്, നഗരകാര്യ വകുപ്പ്
39. ശ്രീ.എൻ.ചന്ദ്രശേഖരൻ, സീനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
40. ശ്രീ.സതീഷ് കുമാർ എ.വി., സീനിയർ സൂപ്രണ്ട്
41. ശ്രീമതി കലാവതി കെ., സീനിയർ സൂപ്രണ്ട്, ഗ്രാമവികസന കമ്മീഷണറേറ്റ്
42. ശ്രീ.ജി.സന്തോഷ്, സീനിയർ സൂപ്രണ്ട്
43. ശ്രീമതി ഗീതാഞ്ജലി കെ., സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്
44. ശ്രീ.സുരേഷ് ബാബു എം., ജൂനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
45. ശ്രീ,വിരാജ് കെ., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്
46. ശ്രീമതി ബിന്ദു യു., സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്
47. ശ്രീമതി ബീനാ പറമ്പിൽ, അസിസ്റ്റന്റ്, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്
48. ശ്രീ.അജയകുമാർ ആർ., ഹെഡ് ക്ലാർക്ക്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം.
49. ശ്രീ.മഹേഷ് ബി., ഹെഡ് ക്ലാർക്ക്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
50. ശ്രീമതി രശ്മിമോൾ ബി.ആർ., കമ്പ്യൂട്ടർ അസിസ്റ്റന്റ്, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് കരട് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി 09.11.2018 തീയതിയിൽ നടത്തിയ ചർച്ചയിൽ പങ്കെടുത്തവർ

1. ശ്രീ.എൻ.പദ്മകുമാർ IAS, ഗ്രാമവികസന കമ്മീഷണർ
2. ശ്രീമതി ആർ.ഗിരിജ IAS, നഗരകാര്യ വകുപ്പ് ഡയറക്ടർ
3. ഡോ.സി.പി.വിനോദ്, ചെയർമാൻ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
4. ശ്രീ.ജിജി ജോർജ്ജ്, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
5. ശ്രീ.സജികുമാർ പി.ആർ., ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ശ്രീ.എസ്.മോഹൻദാസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
7. ശ്രീമതി സീനത്തുബീവി എസ്., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
8. ശ്രീമതി കെ.എ.ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
9. ശ്രീ.അജിത്ത് ദാസ് എ., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഗ്രാമവികസന കമ്മീഷണറേറ്റ്
10. ശ്രീ.ബി.എസ്.ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
11. ശ്രീ.പ്രമോദ് കുമാർ സി.പി., അഡീഷണൽ ചീഫ് ടൗൺ പ്ലാനർ
12. ശ്രീ.വി.എസ്.സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്
13. ശ്രീമതി പ്രീത കെ.എസ്., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. ശ്രീ.എൽ.പി.ചിത്തർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്
15. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
16. ശ്രീ.വി.എസ്.സന്തോഷ്, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
17. ശ്രീ.സിജു ജേക്കബ്, അണ്ടർ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
18. ശ്രീമതി എസ്.ദീപാകൃഷ്ണൻ, ലോ ഓഫീസർ, നഗരകാര്യ ഡയറക്ടറേറ്റ്
19. ശ്രീ.ജെ.എ.അനിൽ കുമാർ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്
20. ശ്രീ.ബി.കെ.ബലരാജ്, ജോയിന്റ് ഡയറക്ടർ (അർബൻ)
21. ഡോ.ഉമ്മു സെൽമ സി., ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), നഗരകാര്യ ഡയറക്ടറേറ്റ്
22. ഡോ.എൻ.രമാകാന്തൻ, മെമ്പർ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
23. ശ്രീ.എം.വിജയകുമാരൻ നായർ, കൺസൾട്ടന്റ്, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
24. ശ്രീ.എൻ.കേശവൻ നമ്പൂതിരി, ലീഗൽ കൺസൾട്ടന്റ്, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
25. ശ്രീ.കെ.ദേവരാജൻ, കൺസൾട്ടന്റ്, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ
26. ശ്രീ.ഡി.ജയകുമാർ, മുനിസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
27. ശ്രീ.രാജീവ് വി.ആർ., അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
28. ശ്രീ.ബി.കെ.ദിനേശ്കുമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
29. ശ്രീ.എ.രഘു., അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഗ്രാമവികസന കമ്മീഷണറേറ്റ്
30. ശ്രീ.സതീഷ് കുമാർ എ.വി., സീനിയർ സൂപ്രണ്ട്
31. ശ്രീമതി കലാവതി കെ., സീനിയർ സൂപ്രണ്ട്, ഗ്രാമവികസന കമ്മീഷണറേറ്റ്

32. ശ്രീ.വി.എസ്.മനോജ്, സീനിയർ സൂപ്രണ്ട്, നഗരകാര്യ വകുപ്പ്

33. ശ്രീ.എൻ.ചന്ദ്രശേഖരൻ, സീനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

34. ശ്രീമതി ഗീത വി., സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

35. ശ്രീമതി ഗീതാഞ്ജലി കെ., സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

36. ശ്രീ.സുരേഷ് ബാബു എം., ജൂനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

37. ശ്രീ.അജയകുമാർ ആർ., ഹെഡ് ക്ലാർക്ക്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം.

38. ശ്രീ,വിരാജ് കെ., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

39. ശ്രീമതി ബിന്ദു യു., സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

40. ശ്രീമതി ബീനാ പറമ്പിൽ, അസിസ്റ്റന്റ്, തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

41. ശ്രീ.മഹേഷ് ബി., ഹെഡ് ക്ലാർക്ക്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

42. ശ്രീമതി പ്രസീത ദേവി ജി.എൽ., സീനിയർ ക്ലാർക്ക്, നഗരകാര്യ ഡയറക്ടറേറ്റ്

43. ശ്രീമതി ഷീജാകുമാരി ജി., സീനിയർ ക്ലാർക്ക്, നഗരകാര്യ ഡയറക്ടറേറ്റ്